Vol. 19. No. 12.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

December 1921.

# വിഷയ വിവരണിക


പേജ്.

1. മംഗളം. 255
ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.
2. നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ. ”
റൈ. റവ. [illegible] കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനം.
3. കത്തോലിക്കാസഭയും നവീന ഉപദേശങ്ങളും. 257
വന്ദ്യ ദിവ്യശ്രീ കെ. ജെ. അബ്രാഹം കത്തനാർ.
4. പത്രോസിന്റെ പരമാധികാരം. 259
ശ്രീമാൻ കെ. ഇ. ജോസഫ് ബി. എ.
5. ഒരിക്കലും പഠിക്കാത്ത പാഠം. 260
റവ. ഫാദർ തോമസ് മണ്ണഞ്ചേരി.
6. ഉണ്ണിമിശിഹാസ്തവം. (പദ്യം) ശ്രീമാൻ സി. എം. ദേവസ്യാ. 262
7. മിറാംഷായി. (ഒരു കഥ) റവ. ഫാദർ മർസ്സലിൻ സി. ഡി. 263
8. ചില ചരിത്രപാഠങ്ങൾ. 264
ശ്രീമാൻ പി. ജെ. തോമസ് എം. എ. (മാക്കേഴ്സ്)
9. വാദത്തിനു സമാധാനം. 267
റവ. ഫാദർ ബെർണ്ണാർഡ് സി. ഡി.
10. പുൽക്കൂട്ടുവർണ്ണന (പദ്യം) ന. യുവകവികൾ. 270
11. അമലോത്ഭവത്തിരുനാൾ. മോൺ. ജേക്കബ് കല്യാശ്ശേരിൽ 271
12. തിരുസഭയുടെ പൊതുനിയോഗം. 272
13. കുറിപ്പുകളും വർത്തമാനങ്ങളും. 273
14. പഞ്ചാംഗം, പരസ്യങ്ങൾ.


'കന്യക' ഗ്രന്ഥാവലി വകയ്ക്കു വരിപ്പണമായും മറ്റും മുൻകൂർ പണമയച്ച

## സഹായികന്മാരുടെ പേരുവിവരം.

| | | | |
|---|---|---|---|
| Rev. Fr. Raislander, ചെട്ടിക്കുളങ്ങര | 1 | ,, മുരിക്കൻ പീലിപ്പോസച്ചൻ. | 1 |
| ദിവ്യശ്രീ തളിയത്തു തോമ്മാച്ചൻ | 1 | ,, പുതിയിടം മത്തായി അച്ചൻ | 2 |
| Rev. Fr. Sebastian Biederman | 1 | ഡാ. ഒ. തോമസ് പോൾ അല്ലമ്പള്ളി. | 1 |
| മി. പഞ്ഞിക്കാരൻ കല്ലാക്കോസച്ചൻ | 1 | ,, ജി. ജെ. ഫർണാണ്ടസ്. ആലപ്പുഴ | 1 |
| ,, മിറമേൽ യൗസേപ്പച്ചൻ | 7 | ,, പി. എം. ജോസഫ്. കാവാലം | 1 |
| ,, കട്ടക്കയത്തു കൊച്ചുയാക്കോച്ചൻ | 1 | ,, എസ്. വെസ്റ്റാർഡ് റൊഡ്രിഗസ് ചവറ | 1 |
| ,, കാക്കനാട്ടു മെസ്സലോസച്ചൻ | 2 | ,, വടക്കുന്നേൽ ചാക്കോ. കൈനകരി | 1 |
| ,, വട്ടമറ്റത്തു തോമ്മാച്ചൻ | 1 | ,, ശ്രീമതി തെരേസാ അഗസ്റ്റിൻ കൊച്ചി | 1 |
| ,, കോയിത്തറ യൗസേപ്പച്ചൻ | 1 | ,, കട്ടക്കയത്തു കത്രീനാമറിയം. | 2 |
| ,, പാണാട്ടു തോമ്മാച്ചൻ (വീണ്ടും) | 1 | ,, സെക്രട്ടറി അല്ലമ്പള്ളി ഭക്തസമാജം | 1 |
| ,, പാറേക്കാട്ടേൽ തോമ്മാ ശമ്മാശൻ | 3 | ,, മുക്കാട്ടു തോമസ് ചാണ്ടി കൈനകരി | 1 |
| ,, മൊട്ടാമ്പ്രേരി ഔസേപ്പച്ചൻ എം. ഏ. | 1 | ,, ഹെൻറി സോമർസെറ്റു റിലോൺ | 1 |
| ,, എം. കോശിയച്ചൻ ബി. ഏ. എൽ. റി. | 1 | (തുടരും) | |

# കർമ്മലകുസുമം.

പുസ്തകം ൧൯    ൧൯൨൧ ഡിസംബർ    ലക്കം ൧൨


## മംഗളം.

ജന്മപാപനിഴലേശിടാതവതരിച്ച ദിവ്യവനിതാമണേ!
നന്മതൻനിലയമാകുമമ്മ മറിയേ ഭവാംബുനിധിതാരകേ!
തിന്മചെയ്തുനിനച്ചുദിക്കമനുതാപമോടിനി നിരന്തരം
നിന്മകൻറെ കഴലാശ്രയിപ്പതിനിനിക്കുവേണ്ട വരമേകണേ!

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

## നമ്മുടെ കർത്താവിൻറെ പിറവിത്തിരുനാൾ.

(നി. വ. ദിവ്യശ്രീ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരിടയലേഖനം.)

സർവ്വലോക സ്രഷ്ടാവും നമ്മുടെ പരിത്രാതാവുമായ ദിവ്യ രക്ഷകൻറെ പിറവിത്തിരുനാൾ അടുത്തുവരുന്ന ശുഭാവസരത്തിൽ അവിടത്തെ അനുകരണീയമായ ദാരിദ്ര്യം, ക്ഷമ, സാധുശീലം, പരസ്നേഹം ആദിയായ സൽഗുണങ്ങളെ ധ്യാനിച്ച് ഈ വിശിഷ്ട പുണ്യങ്ങളെ അനുകരിക്കുന്നതിന് തിരുസഭ നമ്മോട് ഉപദേശിക്കയും, ഇപ്രകാരം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തേണ്ട ആവശ്യത്തെ നമുക്കു കാണിച്ചു തരുന്നതിനായി ഒന്നാമത്തെ ആഗമന ഞായറാഴ്ച, ശാന്തസ്വഭാവിയും, വിനീതനും, കരുണാനിധിയുമായ ഈ ദിവ്യ ശിശുവിൻറെ കടശിയിലത്തെ വരവിൻറെ ഭയങ്കരതയെ അവിടുത്തെ സുവിശേഷത്തിൽനിന്ന് ഇതാ ഇപ്രകാരം നമ്മെ ഓർപ്പിക്കയും ചെയ്യുന്നു.— "അരുണനിലും, സൂര്യനിലും, ചന്ദ്രനിലും, നക്ഷത്രങ്ങളിലും അടയാളങ്ങളും, സമുദ്രത്തിൻേറയും ഓളങ്ങളുടേയും ധ്വനിയാൽ (ഉണ്ടാകുന്ന) പരിഭ്രമംകൊണ്ട് ഭൂമിയിൽ ജനങ്ങൾക്കു ഞെരുക്കവും ഉണ്ടാകും. ഭൂലോകമൊക്കെയ്ക്കും സംഭവിപ്പാൻ പോകുന്നവയെ മനുഷ്യർ ഭയപ്പെട്ടും നോക്കിപ്പാർത്തും നിർജ്ജീവന്മാരാകയും ചെയ്യും. എന്തുകൊണ്ടെന്നാൽ പരമണ്ഡലശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യ പുത്രൻ മഹാ അധികാരത്തോടും മഹത്വത്തോടും കൂടെ മേഘത്തിൽ വരുന്നതു കാണുകയും ചെയ്യും. എന്നാൽ ഇവ സംഭവിച്ചുതുടങ്ങുമ്പോൾ നിങ്ങൾ മേലോട്ടു നോക്കുവിൻ; നിങ്ങളുടെ ശിരസ്സുകളെ ഉയർത്തുവിൻ; എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ഉദ്ധാരണം സമീപിച്ചിരിക്കുന്നു. അവിടുന്ന് അവരോട് ഒരുപമയും അരുളിച്ചെയ്തു. അത്തിവൃക്ഷത്തെ

യ കുപ്രസിദ്ധമതസ്ഥാപകന്മാരും അവരുടെ അനുയായികളായ പല പണ്ഡിതന്മാരും ഇതിലേക്കു സാക്ഷ്യം വഹിക്കുന്നുണ്ടു്. കത്തോലിക്കാ സഭക്കെതിരായി അനേക ദൂഷണങ്ങൾ അവർ ജല്പിക്കുന്നതിനിടയിൽ ആ നാവുകൾകൊണ്ടുതന്നെ സഭക്കനുകൂലമായി ഒന്നാംതരം തെളിവുകളെ പ്രസ്താവിപ്പാൻ ദൈവം ഇടവരുത്തീട്ടുണ്ടെന്നു നമുക്കു അവരുടെ കൃതികളിൽ സുലഭമായ തെളിവുകൾ ഉണ്ടു്.

ദൃഷ്ടാന്തമായി അലക്സാണ്ടർലീച്ച് എന്ന പ്രോട്ടസ്റ്റാൻറു പണ്ഡിതനെ ഇവിടെ ഒരു സാക്ഷിയായി വിളിക്കാം. "വേദവ്യാഖ്യാനത്തിനു് അടിസ്ഥാനം വേദവാക്യങ്ങളോ പാരമ്പര്യമോ?" എന്നു പേരായി കെ. എൻ. ദാനിയേൽ ഉണ്ടാക്കീട്ടുള്ള ഒരു പുസ്തകത്തിൽ ൧൬൩-ാം പക്ഷത്തിൽ പ്രസ്തുത ചരിത്രകാരൻെറ വചനങ്ങളെ ഇങ്ങനെ പകർത്തിയിരിക്കുന്നു. "കർത്താവിൻെറ അത്താഴത്തിൽ ഉപയോഗിക്കപ്പെടുന്ന അപ്പവീഞ്ഞുകളെ സംബന്ധിച്ചു ജനസാധാരണത്തിൻെറ മനസ്സിൽ വസ്തുമാററത്തോടു ഏററവും അടുത്തിരിക്കുന്നതായ 'ഒരു അഭിപ്രായത്തോടുകൂടെ' വെസ്പുക്കാനായോടുകൂടെ പാപപരിഹാരം ചെയ്യുന്ന അഗ്നിയിലും മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയുടേയും, തപം ചെയ്യുന്നതിൻേറയും, ഫലോല്പാദകത്വത്തിലുമുള്ള വിശ്വാസ സാർവ്വത്രിക നിഖ്യാസഭയിൽ, മിക്കവാറും ഒരു എതിർവാദം കൂടാതെ സ്വീകരിക്കപ്പെട്ടിരുന്നു. ആ കാലത്തുതന്നെ, പരിശുദ്ധന്മാരോടും വിശിഷ്യ കന്യക മറിയത്തോടുമുള്ള പ്രാർത്ഥനയും, പ്രതിരൂപങ്ങളേയും, രക്തസാക്ഷികളുടെ തിരുശേഷിപ്പുകളോടുള്ള ആരാധനയും, (വണക്കം) മതത്തിൻെറ സാരാംശങ്ങളും, ദൈവത്തിനു പ്രസാദകരങ്ങളുമെന്നപോലെ, സാധാരണ്യേന അനുഷ്ഠിക്കപ്പെട്ടിരുന്നു."

കത്തോലിക്കാ മത വിരോധികളായ ചില സാധാരണ എഴുത്തുകാരേപ്പോലെ വിശുദ്ധന്മാരോടുള്ള പ്രാർത്ഥന മുതലായ പ്രസ്തുത സംഗതികൾ റോമാസഭയുടെ നവീന കണ്ടുപിടിത്തങ്ങളാണെന്നു് സ്ഥാപിപ്പാൻ ലീച്ചിൻെറ ചരിത്രപാണ്ഡിത്യം അയാളെ സമ്മതിച്ചില്ല. ഇവിടെ ഒരു സംഗതി പ്രത്യേകം ആലോചനാവിഷയമായിട്ടുണ്ടു്. എന്തെന്നാൽ സാർവ്വത്രിക നിഖ്യാസംഘത്തിൽ കൂടിയിരുന്ന പിതാക്കന്മാരിൽ ചിലർ മതപീഡനയിൽ രക്തസാക്ഷികിരീടത്തിനു് അവകാശം ലഭിച്ചവരും പലരും വിഖ്യാതന്മാരായ വിശുദ്ധന്മാരും ആയിരുന്നു. ഇവർ മതവിരോധമായ ഒരൊററ സംഗതിപോലും വിശ്വസിച്ചുപോന്നുവെന്നോ ഉപദേശിച്ചുപോന്നുവെന്നോ ഉള്ളതു് സാംഭവ്യമെന്നു് വിചാരിപ്പാൻ ഒരിക്കലും തരമില്ല. പ്രസ്തുത പിതാക്കന്മാരുടെ വിശ്വാസാചാരങ്ങളും ഉപദേശങ്ങളും ആണു് കത്തോലിക്കാസഭയിൽ ഇന്നുവരെനിലനിന്നുപോരുന്നതു്. ഇതുകൾ നവീന ഉപദേശങ്ങൾ എന്നു് ചില മെസ്പൊതപ്രായന്മാരായ വിദ്വാന്മാർ നിർല്ലജ്ജം ജല്പിക്കുന്നതു് അത്ഭുതമല്ലയോ?

കെ. ജെ. അബ്രാഹം കത്തനാർ.

---

## "ലിമ്പിയാസിലെ അത്ഭുതകരമായ തൂങ്ങപ്പെട്ട രൂപം."

രണ്ടു വർഷത്തിനു മേലായി സ്പെയിൻ രാജ്യത്തിൻെറ വടക്കുഭാഗത്തുള്ള ലിമ്പിയാസ് ഗ്രാമത്തിലെ ചെറിയ ദേവാലയത്തിൽ നടന്നുകൊണ്ടിരിക്കുന്ന അത്ഭുതസംഭവങ്ങളെക്കുറിച്ചു അല്പമെങ്കിലും കേട്ടിട്ടില്ലാത്തവർ ഇന്നു ലോകത്തിൽ കാണുമെന്നു തോന്നുന്നില്ല. അത്ഭുതങ്ങൾ അശക്യങ്ങളെന്നു ചിലർ വാദിക്കുന്നു; അതിൻെറ കാലങ്ങൾ കഴിഞ്ഞുപോയി എന്നു ചിലർ ശഠിക്കുന്നു. ഈ രണ്ടിനത്തിൽപ്പെട്ട ആളുകൾ കൂടെയും ലിമ്പിയാസിലെ തൂങ്ങപ്പെട്ട രൂപം ദർശിച്ചതിൻെറ ശേഷം മാനസാന്തരപ്പെട്ടു മനസ്സുരുകിക്കണ്ണുനീർ ചിന്തിപ്പിന്തിരിയുന്നു. ഈവിധ സംഭവങ്ങളെല്ലാം അതിൻെറ മൂലസ്ഥാനങ്ങളിൽ നിന്നു തന്നെ ശേഖരിച്ചു ഭാഷാന്തരം ചെയ്തു എറണാകുളം കരകൌശലശാലപ്രസ്സിൽ നിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു വിശിഷ്ടകൃതിയുടെ പേരാണു മുകളിൽ കാണുന്നതു്. പ്രസ്തുത തൂങ്ങപ്പെട്ട രൂപത്തിൻെറ ഒരു ഛായാപടം പുസ്തകത്തിൻെറ ആരംഭത്തിൽ ചേർത്തിരിക്കുന്നതു അത്യന്തം ഹൃദയസ്പൃക്കമായിരിക്കുന്നു. ൩ അണ വില കൊടുത്തു ഭക്തിജനകമായ ഈ പുസ്തകം വാങ്ങി വായിക്കുന്നവർ തങ്ങളുടെ പണം നഷ്ടപ്പെട്ടുമെന്നു വിചാരിപ്പാനില്ല.

# പത്രോസിൻെറ പരമാധികാരം

സാക്ഷാൽ ദൈവസുതനായ ഈശോ തൻെറ ഭൂലോകജീവിതത്തിൽ വച്ചു തന്നെ വിശുദ്ധ പത്രോസിനു തൻെറ സഭമേൽ പരമാധികാരം കൊടുത്തിരുന്നുവെന്നുള്ളതു മുമ്പൊരിക്കൽ ഞാൻ തെളിയിച്ചിട്ടുണ്ടല്ലോ. ക്രിസ്തുവിൻെറ കാലാനന്തരം അദ്ദേഹത്തിനു ലഭ്യമായിരുന്ന ഈ സ്ഥാനത്തെ എങ്ങിനെ വിനിയോഗിച്ചുവെന്നു ഇത്തവണ പര്യാലോചിക്കാം.

വിശുദ്ധ ലൂക്കോസിനാൽ വിരചിതമായ "ശ്ലീഹന്മാരുടെ നടവടി"യുടെ ആദ്യത്തെ പതിനഞ്ചദ്ധ്യായങ്ങൾ വായിച്ചുനോക്കുന്ന പക്ഷം പത്രോസിനു തൻെറ കൂട്ടശിഷ്യന്മാർ കൊടുത്തിരുന്ന ബഹുമാനവും വണക്കവും ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്.

വിശുദ്ധ പത്രോസിൻെറ ആദ്യ ശ്രമം ഗുരുദ്രോഹിയായ യൂദാസിനു പകരം ഒരു ശിഷ്യനെ തെരഞ്ഞെടുക്കുന്നതിലേക്കായിരുന്നു. ആയതിലേക്കു അദ്ദേഹം ശ്ലീഹന്മാരെ വിളിച്ചുകൂട്ടി പ്രസ്തുത തെരഞ്ഞെടുപ്പിൻെറ ആവശ്യകതയെപ്പററി ഉപദേശിച്ചതായി നടവടി ൧, ൨ ഈ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. തദനന്തരം പന്തക്കുസ്താ തിരുനാളിൽ വിശുദ്ധാത്മാവിൻെറ ദിവ്യദാനങ്ങളെ സ്വീകരിച്ച ശേഷം അടുത്തുണ്ടായിരുന്ന ജനതതിയോടു ആദ്യമായി സുവിശേഷപ്രസംഗം ചെയ്തു അവരെ മനസ്സു തിരിച്ചതും വിശുദ്ധ പത്രോസ് തന്നെ. (നടവടി II ൧൪ ൪൧) പിന്നീടു ദേവാലയ പ്രവേശനവേളയിൽ മുടന്തനെ സൌഖ്യം പ്രാപിപ്പിച്ചുകൊണ്ടു ആദ്യമായി അത്ഭുതം പ്രവർത്തിച്ചതും വിശുദ്ധ പത്രോസ് തന്നെ. (നടവടി III നൊ നോക്കുക) ഈ അത്ഭുതംകണ്ടു യഹൂദപ്രമാണികൾ ശ്ലീഹന്മാരുടെ നേരെ വിരോധപ്പെട്ടപ്പോൾ അതിനെ തൃണവൽഗണിച്ചുകൊണ്ടു വിശുദ്ധ പത്രോസ് പൂർവ്വാധികം തീക്ഷ്ണതയോടുകൂടി പ്രസംഗിക്കുകയുണ്ടായതായി നടവടി നാലാമദ്ധ്യായത്തിൽനിന്നു വെളിപ്പെടുന്നു. അനനിയാസ്, സെഫൈറാ ഇവർ കാണിച്ച വഞ്ചനപ്രവൃത്തിയെ കണ്ടുപിടിച്ചു അവരെ ശിക്ഷിച്ചതും വിശുദ്ധ പത്രോസ് തന്നെയാകുന്നു. അതുപോലെ തന്നെ മരിച്ച ഒരാളെ ആദ്യമായി ഉയൎപ്പിച്ച ശ്ലീഹായും വിശുദ്ധ പത്രോസാണ്. (നടവടി ൧൦) ഛേദനാചാരകൎമ്മം ക്രിസ്തീയ മാൎഗ്ഗത്തിൽ ആവശ്യമാണോ എന്ന തൎക്കം തീരുമാനിക്കുന്നതിന്നായി ഓറശ്ലേത്തു കൂടിയ ആദ്യ പൊതുസൂനഹദോസിൽ ആദ്ധ്യക്ഷം വഹിച്ചതും, ഏതദ്വിഷയസംബന്ധമായി അവിടെവച്ചു നിൎണ്ണായകമായ വിധി പ്രസ്താവിച്ചതും വി. പത്രോസല്ലാതെ വേറാരുമല്ല. വിശുദ്ധ പത്രോസ് ചെയ്ത ആ തീരുമാനം സകല ക്രിസ്ത്യാനികളും— മററുള്ള ശ്ലീഹന്മാരുൾപ്പെടെ— യാതൊരു സംശയവും കൂടാതെ സമ്മതിച്ചതായി നടവടി ൧൫-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതും അദ്ദേഹത്തിൻെറ പരമാധികാരത്തെയല്ലയൊ കാണിക്കുന്നതു?

മററുള്ള ശ്ലീഹന്മാർ വിശുദ്ധ പത്രോസിൻെറ അധികാരത്തിനെതിരായി യാതൊന്നും പ്രവൎത്തിക്കുകയോ പറകയോ ചെയ്തതായി വിശുദ്ധ ലിഖിതത്തിൽ നാം കാണുന്നില്ല. പ്രത്യുത വിശുദ്ധ പൌലോസ് തൻെറ പ്രസംഗസ്ഥാനമായ അറേബ്യായിൽ നിന്നു വിശുദ്ധ പത്രോസിനെ കാണുന്നതിനായി ഓർശലേമിലേക്കു പോയി അദ്ദേഹത്തോടു ഉപദേശങ്ങൾ സ്വീകരിച്ചതായി ഗലേഷ്യക്കുള്ള ലേഖനത്തിൽ കാണുന്നു. ഈ പതിവു വിട്ടുപോകാതെ മെത്രാന്മാർ വിശുദ്ധ പത്രോസിനെ അഥവാ അനന്തരഗാമികളെ ഇടയ്ക്കിടെ പോയി സന്ദൎശിച്ചിരുന്നു എന്നുള്ളതു ചരിത്രപരിശോധനകളിൽനിന്നു വെളിപ്പെടുന്നതാണ്. നാലാംനൂററാണ്ടിൽ ജീവിച്ചിരുന്ന വിശു

*

ദ്ധ പൌലീനോസ് എന്ന മെത്രാൻ ഈ വക സന്ദർശനങ്ങൾ അയാളുടെ കാലത്തു സർവ്വസാധാരണമായിരുന്നതായി പറഞ്ഞിരിക്കുന്നു. ൮-ാംനൂററാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ സഖറിയാസ് എന്ന പാപ്പാ ഈ നടപ്പു നിർബന്ധിതമാക്കി കല്പിക്കയുണ്ടായി. ഈ നിയമമനുസരിച്ചാണു കത്തോലിക്ക ലോകമാസകലമുള്ള കർദ്ദിനാളന്മാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ മുതലായവർ അദ്യാപി റോമയിൽ പോയി അവരുടെ ശ്ലൈഹിക സന്ദർശന (Visitatio and limina Apostolorum) ത്തെ നിർവ്വഹിച്ചുപോരുന്നതു്.

ഈ വക സന്ദർശനങ്ങൾ മൂലം കത്തോലിക്ക ലോകത്തിലെ സകല സ്ഥിതിഗതികളും പരിശുദ്ധ പിതാവു കരതലാമലകംപോലെ കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നു. എവിടെയെങ്കിലും വല്ല അനാചാരവും നടക്കുന്നുണ്ടെങ്കിൽ ആയതിന്റെ കർത്താവിനെ അദ്ദേഹം ഉടനെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. പത്രോസിന്റെയും അനന്തരഗാമികളുടേയും ഈദൃശമായ പരമാധികാരമല്ലയോ സഭയെ ഏകവും പരിശുദ്ധവും സാർവ്വത്രികവും ശ്ലൈഹികവുമായി പരിപാലിച്ചുപോരുന്നതു്?

കെ. ഇ. ജോബ് ബി. ഏ.

## ഒരിക്കലും പഠിക്കാത്ത ഒരു പാഠം.

നമ്മുടെ ദിവ്യരക്ഷകന്റെ കാലം മുതൽ നശ്വരമായ ദ്രവ്യം സമ്പാദിച്ചുകൂട്ടുന്നതിന്റെ ഭോഷത്വത്തേയും, നിഷ്പ്രയോജനത്വത്തെയും പററി അനേകം സാന്മാർഗ്ഗിക ശാസ്ത്രപാരംഗതന്മാർ അഗാധമായി ചിന്തിക്കയും മനുഷ്യവർഗ്ഗത്തോടു ഗൌരവമായി ഉപദേശിക്കയും ചെയ്തിട്ടുണ്ടു്. ഓരോ പുരുഷായുസ്സിലും ദ്രവ്യസമ്പാദനത്തിൽ സംതൃപ്തന്മാരായിത്തീരാത്ത അനേകായിരം ആളുകൾ ജീവിച്ചുവരുന്നു. അവരിൽ ഒരുവനുപോലും തൃപ്തികരമാംവണ്ണം ദ്രവ്യം സമ്പാദിച്ചിട്ടു് ഇഹലോകജീവിതം അവസാനിപ്പിക്കുവാൻ സാധിക്കുന്നതല്ല. മനുഷ്യൻ അത്യാശയോടെ സമ്പാദിക്കുന്ന ദ്രവ്യം അവൻ ഉദ്ദേശിക്കുന്ന സൌഭാഗ്യത്തെ പ്രദാനം ചെയ്യുന്നതിന്നു് പര്യാപ്തമല്ലെന്നു മാത്രമല്ല, അവന്റെ ഇഹലോക ജീവിതത്തെ ക്ലേശഭൂയിഷ്ഠവും സമാധാനരഹിതവും ആക്കിത്തീർക്കുകൂടി ചെയ്യുന്നു. എന്നാൽ പൂർവ്വകാലങ്ങളിലെ സംഭവങ്ങൾ കണ്ടിട്ടു് മനുഷ്യർ ഇനിയും ബുദ്ധിപൂർവ്വം പ്രവൃത്തിക്കുന്നില്ല. ആധുനിക കാലത്തു് ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവണ്ണം അത്യധികം പണക്കൊതിയന്മാരെ നാം കണ്ടെത്തുന്നു. തേനീച്ചകൾ അനേകം പുഷ്പങ്ങളിൽനിന്നു് തേൻ സംഭരിക്കുന്നതുപോലെ ദ്രവ്യാഗ്രഹികൾ പണം ഉണ്ടാക്കുന്നതിന്നു് ഇടവിടാതെ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്നു. ഇവർക്കു പരിപൂർണ്ണമായ ഭാഗ്യത്തെ അതു പ്രദാനം ചെയ്യുമെന്നുള്ള പ്രത്യാശയോടുകൂടിയാണു് ദ്രവ്യസമ്പാദനത്തെ മാത്രം ലാക്കാക്കി അഹോരാത്രം പ്രയത്നിച്ചുകൊണ്ടിരിക്കുന്നതു്. ഇതുനിമിത്തമല്ലെങ്കിൽ പണത്തിനായിട്ടു മാത്രം ഇവർ തങ്ങളുടെ ആത്മരക്ഷയുടെ കാര്യം അപകടത്തിലാക്കിത്തീർക്കുന്നതു് എന്തുകൊണ്ടാണു്? ദൈവഭക്തനായ ഒരു മനുഷ്യൻ പ്രാർത്ഥനകൊണ്ടും തപസ്സുകൊണ്ടും പ്രാപിക്കാമെന്നുദ്ദേശിക്കുന്ന കാര്യം പണംകൊണ്ടു നിശ്ചയമായി സമ്പാദിക്കാമെന്നല്ലയോ ഇവർ വിചാരിക്കുന്നതു്?

"ദ്രവ്യാഗ്രഹം സകല തിന്മകളുടേയും അടിസ്ഥാനമാകുന്നു." പുരുഷാന്തരങ്ങൾതോറും ഈ തത്വത്തിന്റെ യാ

ഫാർത്ഥ്യത്തെ തെളിയിക്കുന്ന അനേക സംഭവങ്ങൾ നമുക്ക് കാണാൻ കഴിയും. ദ്രവ്യസമ്പാദനംകൊണ്ടു മാത്രം മനുഷ്യർ ആഗ്രഹിക്കുന്ന ഭാഗ്യം സിദ്ധിക്കുന്നതല്ലെന്നും ദ്രവ്യാഗ്രഹം നിരവധി ആപത്തുകൾക്കും തിന്മകൾക്കും കാരണമാണെന്നും ഒട്ടേറെ ദൃഷ്ടാന്തങ്ങൾ മൂലം നമുക്ക് അനുഭവഗോചരമായിരുന്നിട്ടും ഇപ്പോഴും ദ്രവ്യത്തെ തങ്ങളുടെ ഐഹിക ജീവിതത്തിലെ ഏകഭാഗ്യമായി വിചാരിച്ചുകൊണ്ടിരിക്കുന്നവർ ഉള്ളതിനേപ്പററി നാം എങ്ങിനെ വിസ്മയിക്കാതിരിക്കും? അതുകൊണ്ട് മനുഷ്യർ ഈ പാഠം ഒരിക്കലും പഠിക്കുന്നില്ലാ എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മനുഷ്യഹൃദയം ദ്രവ്യത്തിനുവേണ്ടിയല്ലാ പിന്നെയോ ദൈവത്തിന്നായിമാത്രം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനു നിത്യജീവിതത്തിലേക്കുള്ള പ്രവേശനമാർഗ്ഗം പൊന്നും വെള്ളിയും അല്ലാ; ദൈവവരപ്രസാദമാകുന്നു. ദ്രവ്യത്തിന്ന് സ്വല്പകാലത്തേക്കുമാത്രം നിസ്സാരമായ ഒരു ഭാഗ്യത്തെ പ്രദാനംചെയ്യാൻ കഴിയും. എന്നാൽ ദൈവവരപ്രസാദത്തിന്നു മാത്രമേ പരിപൂർണ്ണമായ ഭാഗ്യത്തെ നിത്യകാലത്തേക്കു പ്രദാനംചെയ്യുവാൻ കഴികയുള്ളു. യാതൊരുവനും ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത മരണം വന്നുകൂടുമ്പോൾ സ്വർണ്ണത്തെ അന്വേഷിച്ചുനടക്കുന്ന മനുഷ്യന്റെ സർവ്വഭാഗ്യങ്ങളും അവസാനിക്കും. തന്റെ സ്വർണ്ണപാത്രത്തെ കൂടെ വലിച്ചുകൊണ്ടുപോയി സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കാമെന്ന് ആരെങ്കിലും ആശിക്കുന്നുവെങ്കിൽ അതു് വെറും ഭോഷത്വം മാത്രമാകുന്നു. നിത്യമായ ഭാഗ്യത്തെ പ്രാപിക്കുന്നതിനുള്ള ശ്രമത്തിൽ സ്വർണ്ണവും വെള്ളിയും തീരെ നിരുപയോഗമാണെന്നു മാത്രമല്ല, ആപൽകരവും ആണെന്നു അവനു ബോദ്ധ്യമാകും. ജീവിതകാലത്തിൽ അവ ഒരു വലിയ ഭാഗ്യമെന്ന് അവൻ കരുതിയിരുന്നു. എന്നാൽ മരണനേരത്തു അവ ഏററം വലിയ ഒരു ഭാരമാണെന്നു അവൻ മനസ്സിലാക്കാതിരിക്കുകയില്ല.

ആയതുതൊണ്ട് ദരിദ്രന്മാരായിട്ടുവള്ളക്ക് ധനികന്മാരേക്കുറിച്ച് അസൂയതോന്നേണ്ട ആവശ്യമില്ലെന്നു അവർ മനസ്സിലാക്കട്ടെ. വാസ്തവത്തിൽ ദരിദ്രന്മാരായിട്ടുള്ള ആളുകൾ എല്ലായ്പ്പോഴും സന്തുഷ്ട മനസ്കന്മാരായിരിക്കേണ്ടതാകുന്നു. ലോകത്തിൽ കാണുന്ന സകലവും വേഗത്തിൽ അവസാനിച്ചുപോകും എന്ന് നാം ഓർക്കണം. ഇഹലോകത്തെ വിട്ടുപിരിയാൻ തുടങ്ങുന്ന ആത്മാവിനെ ദാരിദ്ര്യം ഭയപ്പെടുത്തുകയോ, പീഡിപ്പിക്കയോ, സംഭ്രമിപ്പിക്കയോ ചെയ്യുന്നില്ല. ക്രിസ്തീയ ആത്മാവുകൾ ദ്രവ്യസമ്പാദനത്തെ മാത്രം ഉദ്ദേശിച്ചു പ്രയത്നിക്കരുതെന്നും തങ്ങളുടെ ചുററുമുള്ളവരിൽനിന്നും കാണുന്ന ദുർമ്മാതൃകയെ അനുകരിക്കരുതെന്നും അവരെ ഉപദേശിക്കേണ്ട ആവശ്യമില്ല. ബേത്ലഹം പട്ടണത്തിൽ ഒരു തൊഴുക്കൂട്ടിൽ എത്രയും വലിയ ദരിദ്രനായി പിറന്ന ദൈവപുത്രൻ, നമ്മെ പഠിപ്പിക്കുന്ന പാഠം ദ്രവ്യാഗ്രഹത്തെ വർജ്ജിക്കണമെന്നും ദാരിദ്ര്യത്തേയും ലോകനിന്ദയേയും സ്നേഹിക്കണമെന്നും അത്രെ. നമ്മുടെ ദൈവത്തെ ശുശ്രൂഷിക്കുന്നതിനും തദ്വാരാ നിത്യമായ ഭാഗ്യത്തെ പ്രാപിക്കുന്നതിന്നും വേണ്ടി, ഒരു മണിക്കൂറൊ, ഒരു ദിവസമോ മാത്രം വേലചെയ്താൽ പോരാ. ഇതിലേക്കായി നാം നമ്മുടെ ആയുഷ്കാലം മുഴുവനും ഭഗീരഥപ്രയത്നം ചെയ്യേണ്ടിയിരിക്കുന്നു. നിത്യമായ കിരീടത്തെ പ്രാപിക്കുന്ന കാര്യം ഒരു മണിക്കൂറുകൊണ്ടു മാത്രം സാധിക്കാവുന്ന ഒരു നിസ്സാര സംഗതിയായി പലേ ആളുകളും വിചാരിച്ചുവരുന്നുണ്ട്. അതു് ഒരു ജീവിതകാലം മുഴുവന്റെയും പ്രയത്നഫലമത്രെ. എന്നാൽ തങ്ങളുടെ ആയുഷ്കാലത്തിലെ ഏററം വലിയ ഭാഗ്യം ദ്രവ്യമാണെന്നു വിചാരിച്ചുകൊണ്ടിരിക്കുന്നവർ നിത്യഭാഗ്യത്തേയും അനശ്വരമായ കിരീടത്തേയും പ്രാപിക്കുന്ന കാര്യം അസാദ്ധ്യമത്രെ.

ഫാദർ തോമ്മസ് മണ്ണഞ്ചേരി.

---

കുന്തിരിക്കവും കർപ്പൂരവും ദിവസേന കത്തിച്ചു പുകകൊള്ളിക്കുന്നതു രോഗബീജങ്ങളെ ശമിപ്പിക്കുന്നതിനു നല്ല മാർഗ്ഗമാണ്.

മയിൽപീലി ചുട്ടഭസ്മം തേനിൽ ചാലിച്ചു സേവിച്ചാൽ ഏതു തരം എക്കിളും ഉടൻ ശമിക്കും. (കെ. കാ.)

# ഉണ്ണിമിശിഹാ സ്തവം

൧. നരകുലപരിരക്ഷാകാംക്ഷയാൽ സ്നേഹമോടി-
ദ്ധരണിയിലുള്ളവായിപ്പണ്ടുപുൽക്കൂടിനുള്ളിൽ
സരസമജസമാനം വാണസർവ്വേശപുത്രൻ
പരമിവനുമനസ്സാൽ ദൃശ്യനായ് വന്നിടുന്നു.

൨. മറിയയിലുള്ളവായും മേഷപാലക്കുപാത്താൽ
ചെറിയസഹജനായും ശോഭയാൽദിവ്യനായും
പിറവിയുടെ മഹത്വംകൊണ്ടുലോകേശനായും
തിറമൊടുവിലസീടും ക്രിസ്തുവേ മംഗളം തേ.

൩. ഗുണമധികമിണങ്ങും ശുദ്ധയൗസേപ്പുതൻക-
ണ്ണിണയതിനു സുഖത്തിൻകേന്ദ്രമായും സുരന്മാർ
പ്രണതിസുചിരമേകാൻപാത്രമായുംവിളങ്ങും
ഇണയെഴുമജസൂനോ ഞാനുരക്കുന്നുഭവ്യം.

൪. സുരവരസുകൃതത്തിൻകാതലായ് ഭൂതലത്തിൽ
നിരവധിനിറയുംമാപാപമാകെത്തുലയ്ക്കാൻ
ഇരവിനുശശാങ്കൻപോൽജാതനായുള്ള ദേവാ
ദുരവധികളവാൻ മേ, മംഗളം ചൊല്ലിടുന്നേൻ.

൫. പ്രകൃതിസകലവും തൻ ചിന്തപോൽതീക്കയാലേ
സുകൃതസുനിലയാളുംശഷ്പശയ്യാതലത്തിൽ
'വികൃതി'യൊടുകിടക്കും'ബാലകാ'സ്വാഗതം നീ
വികൃതികളഖിലംമേ നീക്കുവാൻ കൈതൊഴുന്നേൻ.

൬. പദതളിരുകൾരണ്ടുംചഞ്ചലിപ്പിച്ചുമേററം
മുദമൊടൊരുകരാബ്ജംമാറതിൽചേർത്തുകൊണ്ടും
വദനവിധുവിനുള്ളിൽമറവുകയ്യുങ്ങണച്ചും
വദനജലമൊഴുക്കീപുഞ്ചിരിപ്പൂനിലാവിൽ.

൭. വിനയമഥകളിസ്സും ചാരുവാം നോട്ടമെന്നും
ജനകജനനിമാർക്കായേകിയുംവാണിടുന്നോൻ
ജനജനകകുമാരാഭാവുകംസാദരം ഞാൻ
വിനകളുടനകററീട്ടുച്ചരിക്കുന്നുപാരം.

൮. ദിവമതിലൊരുതാരം നൂതനംലഗ്നമാവാ-
നവസരമുടനേകിജ്ജന്മമൊന്നെന്നമൂലം
അവനിജരിലനല്പംവന്ദ്യനായിങ്ങുവാഴും
ഭവഹരസുകുമാരാപാപിയോതുന്നുഭദ്രം.

൯. എളിമയുടെയരങ്ങായ് കാണികൾക്കത്ഭുതത്തെ-
ത്തെളിവൊടരുളുമേററം വിക്രമോന്മേഷമാളും
എളിയശിശുകുലത്തിൻനായകാബാലനാമീ-
യെളിയവനതിമോദാൽനിമ്പദംകുമ്പിടുന്നേൻ.

൰. കുളിരുബതസഹിച്ചും കീററവസ്ത്രംധരിച്ചും
കളിവചനമുരച്ചുംതായതൻ പാൽകുടിച്ചും

മിളിതരസമണച്ചും ദേവഗീതംശ്രവിച്ചും
വെളിവൊടമരുമുണ്ണിക്രിസ്തുവേ! മംഗളംതേ.

൧൧ കാണാതെപോയൊരജപോതമഹോതിരഞ്ഞീ-
ക്കാണായലോകമതിൽനിന്നുകരേററുവാനായ്
ഏണാളുമാട്ടിടയനായവതാരമാന്ന-
പ്രാണാധിനാഥനമലൻതുണചെയ്യണംമാം.

അംതിരമ്പുഴ സി. എം. സെബാസ്റ്റ്യൻ.

## "മിറാംബായി." (ഒരു വാസ്തവ കഥ)

ഫാദർ വേഗാസ് പറഞ്ഞതുപോലെതന്നെ മിസ്സ് ഫോർഡ് നിറവേററി. എങ്കിലും കൈക്ക് പറയത്തക്ക കുറവൊന്നും കണ്ടില്ല; മാത്രമല്ല, പൂർവ്വാധികം വേദന വർദ്ധിച്ച് ഉറക്കംപോലുമില്ലാതായി: രാത്രിമുഴുവൻ കിടക്കയിൽ ഇരുന്നുതന്നെ അവർ കഴിച്ചുകൂട്ടി. അവളുടെ അട്ടത്തുതന്നെ ദീനക്കാരിയായ, പതിനഞ്ചു വയസ്സു പ്രായംവരുന്ന ഒരുമഹമ്മദീയയുവതി കിടന്നിരുന്നു. അവളും വളരെ അവശതയിലായിരുന്നു. മിസ്സ് ഫോർഡിനെ സദാ ഉററുസൂക്ഷിച്ചുകൊണ്ടു കിടക്കയായിരുന്നു അവളുടെ പ്രധാനജോലി.

ഒരു ദിവസം അവൾ "ഹേ! മദാമ്മേ! നിങ്ങൾ കുറേയധികം വേദന അനുഭവിക്കുന്നുണ്ടെന്നു തോന്നുന്നു ഇല്ലേ?" എന്നു ചോദിച്ചു. "ഉവ്വ്" എന്നു മാത്രം മിസ്സ് ഫോർഡ് ഉത്തരംപറഞ്ഞു.

"എന്നിട്ടു നിങ്ങൾ എന്താണ് നിലവിളിക്കാത്തത്? എനിക്ക് വലിയ വേദനയുണ്ടാകുമ്പോൾ ഞാൻ ഉറക്കെ നിലവിളിക്കയാണു പതിവ്" എന്നവൾ പറഞ്ഞു.

ഈ ചോദ്യം കേട്ടപ്പോൾ മിസ്സ് ഫോർഡ് ചിരിക്കയാണു ചെയ്തത്. അനന്തരം നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തെയും കുരിശുമരണത്തേയും പററിയും ക്രിസ്ത്യാനികൾ തങ്ങളുടെ പാടുപീഡകളെ, സ്വന്ത പാപങ്ങൾക്കായും, അന്യരുടെ പാപങ്ങൾക്കായും, ആത്മാക്കളുടെ മാനസാന്തരത്തിനായും, തന്റെ കഷ്ടാനുഭവങ്ങളോടുചേർത്ത് കർത്താവിനു കാഴ്ചവെയ്ക്കയാണു പതിവ് എന്നതിനെപ്പററിയും, ചുരുങ്ങിയ വാക്കുകളാൽ അവളെ പറഞ്ഞു മനസ്സിലാക്കി. ആ ബാലിക ഒന്നുംതന്നെ മറുപടി പറഞ്ഞില്ല. അവളുടെ വലിയ കണ്ണുകൾകൊണ്ട് അവൾ മിസ്സ് ഫോർഡിനെ സൂക്ഷിച്ചു നോക്കുക മാത്രം ചെയ്തു.

മൂന്നാം ദിവസം രാവിലേ നാലു മണിക്കു മിസ്സ് ഫോർഡിന്റെ കയ്യിന്മേലുണ്ടായിരുന്ന വേദനയൊട്ടുക്കു പെട്ടെന്നു നീങ്ങിയതായിക്കാണപ്പെട്ടു. കൈ മരവിച്ചു പോയതായിരിക്കുമോ, അഥവാ ഒരത്ഭുത സുഖപ്രാപ്തിയാണോ, എന്ന് അവൾ സന്ദേഹിച്ചു. മരവിച്ചതു തന്നെയെന്നാണ് ഒടുവിൽ അവൾ തീർച്ചപ്പെടുത്തിയത്. എന്തുകൊണ്ടെന്നാൽ ഇത്ര മഹത്തായ ഒരു ദൈവമനോഗ്രഹം അവൾക്കുണ്ടാവാൻതക്ക ഏതെങ്കിലും യോഗ്യത തനിക്കില്ലെന്നായിരുന്നു അവളുടെ വിശ്വാസം. ആസ്പത്രിയിലെ ആയ പതിവുപോലെ അവളേ കുളിപ്പിക്കുന്നതിനായി വന്നപ്പോൾ, വേദന നിശ്ശേഷം വിട്ടുമാറിയതിന്റെ കാരണം എന്തെന്നറിയുന്നതിനുവേണ്ടി തന്റെ കൈയ്യുടെ കെട്ടഴിക്കുവാൻ മിസ്സ് ഫോർഡ് അപേക്ഷിച്ചു. എന്നാൽ ആയയ്ക്കു അന്നേദിവസം അവളുടെ കയ്യിന്മേൽ തൊട്ടുകൂടെന്നു കല്പനയുണ്ടായിരുന്നതിനാൽ അവളുടെ അപേക്ഷയെ സ്വീകരിക്കുവാൻ നിവൃത്തിയില്ലായിരുന്നു. മൂന്നു ദിവസത്തെ അവധി ചോദിച്ചതു കഴിഞ്ഞു. ഡോക്ടർ ശസ്ത്രക്രിയക്കായി ഉടനേ വരും. അതിനാൽ മിസ്സ്

ഫോർഡ് വളരെ ക്ഷമയോടെ അദ്ദേഹത്തിന്റെ വരവും പാർത്തിരിക്കയായിരുന്നു. ഒൻപതുമണിയായപ്പോൾ ഡോക്ടരും അദ്ദേഹത്തിന്റെസഹായികളും വന്നുചേർന്നു. മിസ്സ് ഫോർഡിന്റെകൈയുടെ കെട്ടഴിച്ചുമാററി. ഉടനേ കണ്ട കാഴ്ചയാൽ അവരെല്ലാവരും ആശ്ചര്യഭരിതരായി പിന്നാക്കം മാറിനിന്നു. കയ്യിന്മേലുണ്ടായിരുന്ന പഴുപ്പു മുഴുവൻ നീങ്ങിയിരുന്നു. മുറിവിന്റെ വടുവുപോലും കാണ്മാൻവഹിയാത്തവണ്ണം ശിശുക്കളുടെ തൊലിപോലെ അത്ര മാർദ്ദവമേറിയതായിരുന്നു സ്വസ്ഥത പ്രാപിച്ച അവളുടെ കയ്യിന്മേൽ കാണപ്പെട്ട ബാഹ്യചർമ്മം. "നിങ്ങൾ ഇതിലേക്കു എന്താണ് ചെയ്തതു്." എന്നു ഡോക്ടർ ചോദിച്ചതിന്, "ഞാൻ എന്റെ പതിവുപോലെ പ്രാർത്ഥിച്ചുകൊണ്ടിരിക്കമാത്രമായിരുന്നു ചെയ്തതു്" എന്നു അവൾ പുഞ്ചിരിയോടെ മറുപടി പറഞ്ഞു. ഡോക്ടരും കൂട്ടുകാരും അവിടെനിന്നു പോയതിന്റെശേഷം, ദൈവജനനി തനിക്കു ചെയ്ത ഇത്ര മാഹാത്മ്യമേറിയ മനോഗുണത്തിന് ഉപകാരസ്മരണയായി മിസ്സ് ഫോർഡ് ഒരു സംഗീതം പാടി.

(തുടരും.)

ഫാദർ മർസ്സലീൻ സി. ഡി.

# ചില ചരിത്രവാദങ്ങൾ.

"മലങ്കരസഭയും മൈലാപ്പൂരും" എന്ന അഭിധാനത്തിൽ ബ. ബെർണ്ണാർദ് തോമ്മാ പട്ടക്കാരൻ ഇക്കഴിഞ്ഞ സെപ്റ്റംബർ ലക്കം "കുസുമ"ത്തിൽ എഴുതിയിരുന്ന ഗൌരവമേറിയ ഉപന്യാസം ഞാനും വായിക്കയുണ്ടായി. അതിൽ അദ്ദേഹം വ്യവഹരിച്ചിട്ടുള്ള പല സാരമേറിയ ചരിത്രമുഖങ്ങളിൽ ഒന്നു രണ്ടിനെപ്പററി എനിക്കു ചില സംശയങ്ങൾ ഉള്ളതിനാൽ അവ സമഷ്ടിയായി ഇവിടെ വ്യവാദിച്ചുകൊള്ളട്ടെ. മലങ്കര സഭാചരിത്രജ്ഞന്മാരിൽ സാക്ഷാൽ അദ്വിതീയനായ ബെർണ്ണാർദച്ചന്റെ അഭിപ്രായങ്ങളെപ്പററി വാദം പുറപ്പെടുവിക്കുന്ന കാര്യം ആരും അല്പമൊന്നു ആലോചിച്ചു ചെയ്യേണ്ട ഒന്നാണ്; വിശേഷിച്ച് പഴമപരിചയമില്ലാത്ത ചെറുപ്പക്കാരിൽ അതു് അല്പം സാഹസവുമായിരിക്കും. എന്നിരുന്നാലും, "ഭിന്നാഭിപ്രായങ്ങളുടെ സംഘർഷണത്തിൽ നിന്നത്രേ തത്വകണങ്ങളുടെ ഉത്ഭവം" എന്നുള്ളതു് എല്ലാ ശാസ്ത്രാന്വേഷണങ്ങളുടെയും മൂലസിദ്ധാന്തമാണെന്നൊരു സമാധാനം മാത്രം ഇവിടെപ്പറയാനുണ്ട്.

മാർത്തോമ്മാ നസ്രാണികളുടെ വകയായി ഇപ്പോൾ അറിയപ്പെട്ടുവരുന്ന വീരരാഘവ ചക്രവർത്തിയുടെയും സ്ഥാണുരവിഗുപ്തന്റെയും ചെമ്പുപട്ടയങ്ങൾ മൂന്നാം ശതവർഷത്തിൽ— വിദേശീയരായ സുറിയാനിക്കാർ കുടിയേറുംമുമ്പേ— നാട്ടുകാരായ മെത്രാന്മാർക്കു കിട്ടിയിട്ടുള്ളതാണെന്നത്രേ ബ. ബെർണ്ണാർദച്ചന്റെ ഒരു പ്രധാന വാദം. അദ്ദേഹത്തിന്റെ പ്രസിദ്ധ ഗ്രന്ഥത്തിലും ഈ അഭിപ്രായം സ്വീകരിച്ചിരിക്കുന്നു. ഈ വാദത്തിലെ മിക്ക ഭാഗങ്ങളെയും സാമാന്യേന നിരാകരിക്കാൻ തയാറുണ്ടെങ്കിലും തൽക്കാലം രണ്ടാമത്തെ ചെമ്പേടിനെപ്പററിയേ ഞാൻ പ്രധാനമായി പ്രസ്താവിക്കുന്നുള്ളു. "മൂന്നാം ശതവർഷത്തിന്റെ മദ്ധ്യത്തിൽ സബറീശോ എന്ന ഒരു കേരളീയ മെത്രാനാണ് കേരളീയരെ ഭരിച്ചിരുന്നതു്. ഇദ്ദേഹം സ്ഥാണുരവി ചക്രവർത്തിയുടെ അനുമതിയോടുകൂടെ തന്റെ അധികാരസീമയിൽപ്പെട്ട കൊല്ലത്തെ തരീസാപ്പള്ളിക്കു് ഒരു താമ്രശാസനം മൂലം"... ഇത്യാദി. അതിന്റെ അടിയിൽ ഫൂട്ടുനോട്ടിൽ "ഈ മെത്രാൻ ഒമ്പതാം നൂററാണ്ടിൽ കേരളസഭയെ ഭരിച്ചിരുന്ന വിദേശിയനായ ഒരു മെത്രാനാണെന്നു് ചിലർ വാദിക്കുന്നതു വെറും

പിശകാണ്;" എന്ന് അദ്ദേഹം തീർത്തു പറയുന്നു. ബ. അച്ചന്റെ ഈ അഭിപ്രായത്തെപ്പറ്റി എനിക്കു താഴെക്കുറിക്കുന്ന പ്രതിബന്ധങ്ങൾ പ്രതിപാദിക്കാനുണ്ടു.

൪. സുറിയാനിക്കാർ— അതായത് ക്നായിത്തോമ്മായും കൂട്ടരും— കുടിയേറുന്നതിനുമുമ്പ് ഈ നാട്ടിൽ മെത്രാന്മാരുണ്ടായിരുന്നെന്ന് അദ്ദേഹം നിസ്സന്ദേഹം പ്രസ്താവിക്കുന്നു. ആദ്യ ക്രിസ്ത്യാനികളുടെ ഇടയിൽ മെത്രാൻ എന്നൊരു പ്രത്യേക സ്ഥാനം— പട്ടക്കാരൻ അഥവാ മൂപ്പൻ എന്നതിൽനിന്നും ഭിന്നമായി— ഉണ്ടായിരുന്നോ എന്നുള്ളത് തിരുസ്സഭാചരിത്രപണ്ഡിതന്മാർ തീരുമാനിക്കേണ്ട ഒരു സംഗതിയാണ്. മൂന്നാം ശതാബ്ദത്തിൽ മെത്രാൻസ്ഥാനക്കാർ പശ്ചിമ ഏഷ്യായിൽ ഉണ്ടായിരുന്നെങ്കിൽത്തന്നെ ഈ കേരളത്തിൽ മെത്രാൻ അഥവാ മെത്രാന്മാർ ഉണ്ടായിരുന്നെന്ന് രേഖകളാൽ സ്ഥാപിക്കാതെ ആക്കം സ്വീകരിപ്പാൻ നിവൃത്തിയില്ല. മാളിയേക്കൽ തോമ്മാ റമ്പാന്റെ പാട്ടിലല്ലാതെ ഈ വിധമൊരു ഐതിഹ്യംതന്നെ മറ്റെങ്ങും ഉണ്ടോ എന്നു സംശയിക്കുന്നു. അന്നു നമുക്കു മെത്രാന്മാർ ഉണ്ടായിരുന്നെങ്കിൽ, ക്നായിത്തോമ്മായുടെ വരവിനുശേഷം വിദേശിയ മെത്രാന്മാർ നാട്ടിൽവന്നു ഭരിക്കാൻ കാരണമെന്ത്? "നാലാം നൂററാണ്ടിൽ മെസൊപ്പൊത്തോമിയാ മുതലായ രാജ്യങ്ങളിൽനിന്നു കേരളത്തിൽവന്നു കുടിയേറിപ്പാർത്ത വിദേശികളും സ്വദേശികളും തമ്മൽ നടന്ന കൂടിക്കലർച്ച നിമിത്തം നാട്ടുമെത്രാന്മാരുടെ ഭരണം നിന്നുപോയി" എന്നാണ് ബ. അച്ചന്റെ സമാധാനം. മതിയായ രേഖകൾ കൂടാതെ ഈ അഭിപ്രായം എങ്ങനെ സ്വീകരിക്കും? വിദേശീയ മെത്രാന്മാക്ക് തോമ്മാശ്ലീഹായിൽനിന്നുള്ള പിന്തുടർച്ചയുണ്ടോ? അവരുടെ ആരാധനക്രമം ഏതു ഭാഷയിൽ ആയിരുന്നു?

൫. മൂന്നാം ശതകത്തിൽ നാട്ടുമെത്രാന്മാർ ഉണ്ടായിരുന്നെന്നുതന്നെ വിചാരിക്കുക. ഈ വിധമുള്ള ഒരു നാട്ടുകാരൻ മെത്രാനു "സബറീശോ" എന്ന സുറിയാനി നാമം ഉണ്ടായതെങ്ങിനെ? മാത്രമല്ല കൊല്ലത്തെ പള്ളിക്ക് "തരിസാപ്പള്ളി" എന്ന പേരു സിദ്ധിച്ചതെങ്ങനെ? 'തരിസാ' (Tyre) എന്ന പട്ടണത്തിൽനിന്നും കുടിയേറിയവരുടെ പള്ളി എന്നല്ലേ നാം ആ പേരിനെ വ്യാഖ്യാനിക്കേണ്ടതു? മെത്രാന്റെ പേരും പള്ളിയുടെപേരും വിദേശിയമാണെന്നുള്ളതു സ്പഷ്ടമല്ലേ?

എന്നാൽ അവ രണ്ടും മാത്രമല്ല വിദേശിയമായിട്ടുള്ളത്. ചെമ്പേടിൽ കാണുന്ന മെത്രാന്റെയുംമറ്റും ഒപ്പുകളും വേറേ പല ഭാഗങ്ങളും "പല്ലവി" എന്ന പേഷ്യൻ ഭാഷയിൽ ആത്രെ. ഈ വാസ്തവം അവരുടെ ഉല്പത്തിയെ വിളിച്ചു പറയുന്നില്ലേ? ഈ ചെമ്പേട്ടിൽ പല്ലവി ഭാഷയിലുള്ള ഭാഗങ്ങൾ ഇതേവരെ ആരും ശരിയായി വായിക്കയോ വ്യാഖ്യാനിക്കയോ ചെയ്തിട്ടില്ല. പല്ലവി ഭാഷ വായിക്കാവുന്ന പണ്ഡിതന്മാർതന്നെ ലോകമൊട്ടുക്കു അധികംപേരില്ല. ഇംഗ്ലണ്ടിൽ ഡോക്ടർ കാസ്സർട്ടെല്ലി (Cassertelli) എന്നൊരു പ്രോട്ടസ്റ്റൻറു മെത്രാൻ ഇവരിൽ അദ്വിതീയനാണ്. നമ്മുടെ ചെമ്പോട്ട വായിക്കുന്ന കാര്യത്തിൽ ഞാൻ അദ്ദേഹത്തിന്റെ സഹായമുണ്ടാവാൻ അപേക്ഷിച്ചിട്ടുണ്ട്.

൬. മേൽ പ്രസ്താവിച്ചതിൽ നിന്നും ചെമ്പേട്ട കൊടുത്ത സബറീശോ മെത്രാൻ വിദേശീയനാണെന്നു മിക്കവാറും അനുമാനിക്കാം. നാലാം ശതാബ്ദത്തിനുമുമ്പു വിദേശികൾ ഇവിടെ വന്നിട്ടില്ലെന്നുള്ളതു് നമ്മുടെ ഐതിഹ്യങ്ങളിൽ നിന്നു സിദ്ധമാണല്ലൊ. അതിനാൽ ചെമ്പേട്ടും അക്കാലം കഴിഞ്ഞിട്ട് ഉണ്ടായിട്ടുള്ളതുതന്നെ. എന്നാൽ ചെമ്പേടിന്റെകാലം തീർച്ചയാക്കാൻ വേറെയും പ്രധാന ലക്ഷ്യങ്ങൾ ഉണ്ട്. കോസ്ഥാണരവി എന്ന കേരളരാജാവിനെപ്പറ്റി പാണ്ടി രാജ്യത്ത് തില്ലൈസ്ഥാനം എന്ന സ്ഥലത്തെ ക്ഷേത്രത്തിൽ ഒരു രേഖയിൽ പ്രസ്താവിക്കുന്നുണ്ട്. ആ രേഖ ക്രി. ഒമ്പതാം ശതാബ്ദത്തിലേതാണെന്നു് അതിൽ പറയുന്ന ഒരു ചോളരാജാവിന്റെ പേർകൊണ്ടും മറ്റും അവിതർക്കിതമായി തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. അതിനാൽ സ്ഥാണരവിയേ മൂന്നാം നൂററാണ്ടിലേക്കു വലിച്ചിഴച്ചു കൊണ്ടുപോകാൻ പണ്ഡിതലോകം നമ്മെ സമ്മതിക്കയില്ല. പോരെങ്കി

ൽ വട്ടെഴുത്തു രേഖകളേ അവയിലേ അക്ഷരങ്ങളുടെ രൂപത്തിൽനിന്നും കാലനിർണ്ണയം ചെയ്യുന്നതിനു ചില പ്രമാണങ്ങൾ ബർണൽ, ബ്യൂളർ (Burnele, Biuller) മുതലായ പണ്ഡിതന്മാരാൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രമാണപ്രകാരവും ആ ചെമ്പേട് ഒമ്പതാം നൂററാണ്ടേടത്താവാനേ നിവൃത്തിയുള്ളൂ. ഈ പണ്ഡിതമതങ്ങളെ സമ്മതിക്കാതെ ഒട്ടകപ്പക്ഷിയുടെ നയം സ്വീകരിക്കുന്നതു് നമുക്ക് ഉചിതമല്ലല്ലൊ.

കുറേക്കാലം മുമ്പ് ഒന്നു രണ്ടു ജ്യോത്സ്യന്മാർ ചെമ്പേട്ടിൽ പറഞ്ഞിട്ടുള്ള ഗ്രഹനില കണക്കാക്കി കാലനിർണ്ണയം ചെയ്തിട്ടുള്ളതാണ് ബ. അച്ചൻ സ്വീകരിച്ചിട്ടുള്ളതു്. എന്നാൽ അവരേക്കാൾ ഈ വിഷയത്തിൽ നാനാമുഖമായ പാണ്ഡിത്യമുള്ള ദിവാൻ ബഹദൂർ സ്വാമിക്കണ്ണു പിള്ള എം. ഏ ബി. എൽ, ഐ. എസ്. ഓ. മേൽപ്പറഞ്ഞ തീരുമാനങ്ങൾ അബദ്ധമാണെന്നു തെളിയിച്ചിട്ടുള്ള വിവരം നമ്മുടെ നാട്ടിലെ ചരിത്രകാരന്മാർ അറിയേണ്ട ഒന്നാണ്. ചെമ്പേട്ടിൽ പറഞ്ഞിട്ടുള്ള ഗ്രഹനിലകൾ ആയിരം വർഷത്തിനിടയ്ക്കു പലേ പ്രാവശ്യം ആവത്തിക്കുന്നതാകയാൽ, അവയിൽ ഏതു തവണയാണ് ഇതെഴുതിയിട്ടുള്ളതെന്നു ആ ഗ്രഹനിലയിൽനിന്നും തീരുമാനിക്കാൻ നിവൃത്തിയില്ല. അതിനാൽ ഇക്കാര്യത്തിൽ മററു തെളിവുകൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. അവയിൽ ചിലതു് മേൽ കുറിച്ചിട്ടുണ്ടല്ലൊ.

വീരരാഘവ ചക്രവർത്തിയുടെ താമ്രശാസനവും മൂന്നാം നൂററാണ്ടിലേക്കാണ് ബ. അച്ചൻ സ്ഥാപിക്കുന്നതു്. എന്നാൽ ഇതും വളരെ സംശയാവഹമായ ഒരു വിഷയമാണ്. "മഹോദേവർ പട്ടണത്തിലേ രവികത്തനാകുന്ന ചേരമാൻ ലോകപെരുംചെട്ടി"ക്കാണ് ഈ ചെമ്പേട് കിട്ടിയിട്ടുള്ളതു്. മഹോദേവർപട്ടണം അതിപൂർവ്വികമാണെങ്കിലും അതു നസ്രാണികളുടെ ആസ്ഥാനമായിത്തീർന്നതു് ക്നായിത്തോമ്മായുടെ കാലത്താണെന്നത്രെ നമ്മുടെ ഐതിഹ്യസാരം. ഇതു സ്വീകരിക്കുന്നപക്ഷം ബ. അച്ചന്റെ അനുമാനം ആദരിക്കുന്നതെങ്ങനെ? പിന്നെയും, അന്നത്തെ നസ്രാണികൾ പ്രധാനമായി ബ്രാഹ്മണരായിരുന്നെന്നു് പ്രസിദ്ധമായിരിക്കെ, അവരുടെ പ്രമാണിയെ 'ചെട്ടി' എന്നു വിളിച്ചിരിക്കുന്നതു് അത്ഭുതംതന്നെ. ക്നായിത്തോമ്മായേപ്പോലെയുള്ള ഒരു കച്ചവടപ്രമാണിക്ക് ആ പേരു കൊടുത്താൽ വളരെ അത്ഭുതത്തിനു വകയില്ല. എന്നാൽ രവികത്തൻ അന്നത്തേ മെത്രാനാണെന്നു ബ. അച്ചൻ വാദിക്കുന്ന സ്ഥിതിക്ക് ഇവ രണ്ടുംകൂടി യോജിപ്പിക്കാൻ വിഷമം കാണുന്നു. രവികത്തന്റെ മക്കൾവഴിക്ക് അഞ്ചുവർണ്ണവും നിലനിൽക്കണമെന്നും ചെമ്പേട്ടിൽ പ്രസ്താവിക്കുന്നുണ്ട്. പട്ടക്കാർ അക്കാലങ്ങളിൽ വിവാഹം കഴിക്കാറുണ്ടായിരുന്നെങ്കിലും, മെത്രാന്മാർ അങ്ങനെ ചെയ്യാറുണ്ടായിരുന്നോ എന്നു് എനിക്കറിഞ്ഞുകൂടാ. മരുമക്കൾ വഴി എന്നു വ്യാഖ്യാനിക്കാമോ എന്നും കുറേ സംശയമുണ്ട്.

മേൽപ്രസ്താവിച്ചിട്ടുള്ളതിൽ— വിശേഷിച്ച് തരിസ്സാപ്പള്ളി രേഖാ വിഷയത്തിൽ— ബ. ബർണാർദച്ചന്റെ സമാധാനം അറിയാൻ അത്യധികം ആഗ്രഹിക്കുന്നു.

P. S. മൂന്നാം ശതാബ്ദത്തിൽ മെത്രാന്മാർ ഉണ്ടായിരുന്നോ എന്നുള്ളതല്ല എന്റെ പ്രധാനവാദം; മേൽപ്രസ്താവിച്ച ചെമ്പേടിൽ കാണുന്ന മെത്രാൻ മൂന്നാം ശതാബ്ദത്തിലോ ഒമ്പതാം ശതാബ്ദത്തിലോ ജീവിച്ചിരുന്നതു് എന്നുള്ളതാണ്. ഈ വാദത്തിനാണ് സമാധാനം പ്രധാനമായി ഞാൻ ആഗ്രഹിക്കുന്നതു്. എന്നിരുന്നാലും, മററവിഷയത്തിൽ രേഖാമൂലമായ എന്തെങ്കിലും തെളിവുകൾ പ്രതിവാദിക്കുന്നപക്ഷം അതു് എനിക്കുമാത്രമല്ല എല്ലാ സമുദായാഭിമാനികൾക്കും ചരിത്രാന്വേഷികൾക്കും ജ്ഞാനപ്രദമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

ഓക്സ്ഫോർഡ്
1-10-21- } പി. ജേ. തോമസ്.

# വാദത്തിനു സമാധാനം.

൧. ചില ചരിത്രവാദങ്ങൾ എന്ന അഭിധാനത്തിൽ മിസ്റ്റർ പി. ജെ. തോമ്മസ് എം. ഏ. അവർകൾ എഴുതിയ ലേഖനം ഞാൻ സശ്രദ്ധം വായിച്ചു. അതിന്റെ ഒടുവിൽ "മേൽ പ്രസ്താവിച്ചിട്ടുള്ളതിൽ- വിശേഷിച്ച് തരിസാ പള്ളി രേഖാ വിഷയത്തിൽ- ബ. ബെണ്ണാർദച്ചന്റെ സമാധാനം അറിയാൻ അത്യധികം അഗ്രഹിക്കുന്നു" എന്ന് മിസ്റ്റർ തോമ്മസ് പറയുന്നു. ഇതിലേയ്ക്കു രേഖാമൂലമായ പല തെളിവുകൾ "മാർ തോമ്മാക്രസ്ത്യാനികൾ" എന്ന ഗ്രന്ഥത്തിൽ ഞാൻ കൊടുത്തിട്ടുണ്ട്. അതു മിസ്റ്റർ തോമ്മസ് ശ്രദ്ധാപൂർവ്വം വായിക്കണമെന്നാണ് എന്റെ അപേക്ഷ. വായിച്ചിട്ടു, ആ തെളിവുകൾ സമ്മതയോഗ്യങ്ങളല്ലെന്ന് മിസ്റ്റർ തോമ്മസ് വിധിക്കുന്നപക്ഷം അവയെ ഓരോന്നും ഖണ്ഡിക്കണമെന്നും എനിക്കു അപേക്ഷയുണ്ട്. ഖണ്ഡിക്കുന്നപക്ഷം മിസ്റ്റർ തോമ്മസിന്റെ അഭിപ്രായത്തെ ഞാൻ സമ്മതിക്കയൊ അല്ലാത്തപക്ഷം എതിർ തെളിവുകൾകൊണ്ട് അവയെ പുനഃസ്ഥാപനം ചെയ്കയൊ ചെയ്യുന്നതാണ്. "മാർ തോമ്മാ ക്രസ്ത്യാനികൾ" എഴുതുന്ന കാലത്തു എനിക്കുണ്ടായിരുന്ന അഗ്രഹം തക്കതായ തെളിവുകൾസഹിതം ഒരു ചരിത്രം എഴുതണമെന്നുള്ളതായിരുന്നു. എതിർ തെളിവുകൾക്കു കൂടുതൽ ബലം ഉണ്ടെങ്കിൽ ആ ഭാഗം സമ്മതിക്കുന്നതിനു എനിക്കു ഒരുക്കവുമുണ്ട്. നടപടിയും ഇതിനെ അനുസരിച്ചാണ്. നസ്രാണികളുടെ നെസ്തോറിയൻ വിശ്വാസത്തെ സ്ഥാപിക്കാൻ പലരും ശ്രമിച്ചു. പക്ഷെ അവരുടെ തെളിവുകൾക്കു ബലമില്ലാത്തതിനാൽ അവയെ സമ്മതിക്കാതിരിക്കുന്നതാണ്.

൨. ലേഖനത്തിന്റെ ഒടുവിൽ മിസ്റ്റർ തോമ്മസ് ഇങ്ങനെ പറയുന്നു. "മൂന്നാം ശതാബ്ദത്തിൽ മെത്രാന്മാർ ഉണ്ടായിരുന്നൊ എന്നുള്ളതല്ല എന്റെ പ്രധാന വാദം; മേൽപ്രസ്താവിച്ച ചെമ്പേടിൽ കാണുന്ന മെത്രാൻ മൂന്നാം ശതാബ്ദത്തിലൊ ഒമ്പതാം ശതാബ്ദത്തിലൊ ജീവിച്ചിരുന്നതു എന്നുള്ളതാണ്. ഈ വാദത്തിനാണ് സമാധാനം പ്രധാനമായി ഞാൻ അഗ്രഹിക്കുന്നത്." ഈ പ്രസ്താവനയുടെ അർത്ഥം മലങ്കരസഭയിൽ മൂന്നാം നൂററാണ്ടിൽ മെത്രാന്മാർ ഇല്ലാതിരുന്നു എന്ന് താൻ വാദിക്കുന്നില്ലെന്നും തന്റെ വാദം മുഴുവനും ചെമ്പേട്ടിൽ പറയുന്ന സബറീശൊ മെത്രാൻ മൂന്നാം നൂററാണ്ടിലാണൊ ജീവിച്ചിരുന്നതു എന്നുള്ളതാണെന്നും, അതാണ് തന്റെ പ്രധാന വാദമെന്നുമാണല്ലൊ. നല്ലതുതന്നെ. മിസ്റ്റർ തോമ്മസിന്റെ ലേഖനത്തിന്റെ ആന്തരം മുഴുവനും ഇതുതന്നെ ആണെന്ന് അതു ആദ്യവസാനം വായിക്കുന്ന സകലരും സമ്മതിക്കാതിരിക്കയില്ലെന്നാണ് എന്റെ വിശ്വാസം. ഇതിനുവേണ്ടി മാത്രമാണ് അങ്ങുമിങ്ങും പല കാര്യങ്ങൾ മിസ്റ്റർ തോമ്മസ് പറയുന്നതും അവയെ സംബന്ധിച്ച ചോദ്യങ്ങൾ ഇട്ടിരിക്കുന്നതും. ഇതിനു എനിക്കുള്ള സമാധാനം മിസ്റ്റർ തോമ്മസ് "മാർ തോമ്മാ ക്രസ്ത്യാനികൾ ൭-ാം അദ്ധ്യായം മുഴുവനും ഒന്നു മനസ്സിരുത്തിവായിക്കണമെന്നാണ്. അതിൽ ഈ കാര്യം സംബന്ധിച്ച വളരെ തെളിവുകൾ ഞാൻ കൊടുത്തിട്ടുണ്ട്. "കുറെ കാലം മുമ്പു ഒന്നു രണ്ടു ജ്യോത്സ്യന്മാർ ചെമ്പേട്ടിൽ പറഞ്ഞിട്ടുള്ള ഗ്രഹനില കണക്കാക്കിക്കൊണ്ടു നിർണ്ണയം ചെയ്തിട്ടുള്ളതാണ് ബ. അച്ചൻ സ്വീകരിച്ചിട്ടുള്ളതു," എന്ന് മിസ്റ്റർ തോമ്മസ് പറയുന്ന ഭാഗം അടിസ്ഥാനരഹിതമാണ്. അതു മാത്രമാണ് ഞാൻ സ്വീകരിച്ചിട്ടുള്ളതെങ്കിൽ മാത്രമേ അങ്ങനെ പറയാവു. അതുമാത്രമാണ് ഞാൻ സ്വീകരിച്ചിരിക്കുന്നതു എന്നു തന്നെ വെയ്ക്കുക. എന്നാലും ടി. ജ്യോത്സ്യന്മാരുടെ വിധി സ്വാമികണ്ണുപിള്ള അബദ്ധമാണെന്ന് തെളിയിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ അതിന്റെ ശക്തിക്ഷയിച്ചുപോയി എന്നുള്ള ഭാഗം സ്വീകാരയോഗ്യമല്ല. തൻമൂ

ഖമാണ് തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിൽ സ്വാമികണ്ണുപിള്ളയുടെ വിധയെ തള്ളികളഞ്ഞുകൊണ്ട് ടി. ജ്യോത്സ്യന്മാരുടെ വിധിയെ സ്വീകരിച്ചത്. നസ്രാണികളുടെ പ്രമാണിയെ "ചെട്ടി" എന്ന് വിളിച്ചിരിക്കുന്നതു അത്ഭുതം തന്നെ. ക്നായിതോമ്മായെപ്പോലെയുള്ള ഒരു കച്ചവടപ്രമാണിക്കു ആ പേരു കൊടുത്താൽ വളരെ അത്ഭുതത്തിനു വകയില്ല. എന്നാൽ രവികത്തൻ അന്നത്തെ മെത്രാനാണെന്ന് ബ. അച്ചൻ വാദിക്കുന്ന സ്ഥിതിക്കു ഇവ രണ്ടും കൂടി യോജിച്ചിരിക്കാൻ വിഷമം കാണുന്നു" എന്ന് മിസ്റ്റർ തോമ്മസ് പറയുന്ന ഭാഗത്തിനു ഒരു മെത്രാനു കച്ചവടക്കാരൻ എന്ന പേരു പ്രത്യേകകാരണവശാൽ വരാവുന്നതാണെന്നും അതിൽ അത്ഭുതപ്പെടാനില്ലെന്നും മോൻസിഞ്ഞോർ സലേസ്റ്റി (കഴിഞ്ഞ അ. ഉ. ഇൻഡ്യയുടെ ദലഗാദപ്പസ്തോലിക്കാ)യുടെ Saints of India എന്ന ഗ്രന്ഥം ൩൩൭ മുതൽ ൩൩൯ വരെയുള്ള പുറങ്ങൾ വായിച്ചാൽ ഗ്രഹിക്കാനിടവരുന്നതാണ്.

൩. സെപ്റ്റംബർ ലക്കം 'കുസുമ'ത്തിൽ സബറീശോ മെത്രാൻ "ഒമ്പതാം നൂറ്റാണ്ടിൽ കേരളസഭയെ ഭരിച്ചിരുന്ന വിദേശിയനായ ഒരു മെത്രാനാണെന്ന് ചിലർ വാദിക്കുന്നതു വെറും പിശകാണ്. പ്രസ്തുത താമ്റശാസനത്തിൽ അദ്ദേഹത്തിന്റെ പേർ സബറീശൊ എന്ന് തെളിവായി എഴുതപ്പെട്ടിരിക്കകൊണ്ട് 'സാബൊർ' എന്നു അതിനെ അവർ വ്യാഖ്യാനിക്കുന്നതും അദ്ദേഹത്തിനു നാട്ടിൽ സംബന്ധികൾ ഉണ്ടായിരുന്നു എന്ന് പ്രസ്താവിക്കുന്നതും ശുദ്ധമെ അബദ്ധമാകുന്നു" എന്ന് ഒരു ഫുട്ട്നോട്ട ഞാൻ കൊടുത്തിരുന്നു. ഇതേ സംബന്ധിച്ച് മിസ്റ്റർ തോമ്മസ് ഇങ്ങനെ പറയുന്നു. "ശുദ്ധമെ അബദ്ധമാണെന്ന് അദ്ദേഹം (ഞാൻ) തീർത്തുപറയുന്നു. ബ. അച്ചന്റെ ഈ അഭിപ്രായത്തെപ്പററി എനിക്കു താഴെ കുറിക്കുന്ന പ്രതിബന്ധങ്ങൾ പ്രതിപാദിക്കാനുണ്ട്." മിസ്റ്റർ തോമ്മസിന്റെ ഈ പ്രസ്താവനയിൽ നിന്നു ഞാൻ കൊടുത്തിരുന്ന ഫുട്ട്നോട്ടാണ് അദ്ദേഹത്തെ ഈ എതിർലേഖനം എഴുതാൻ പ്രേരിപ്പിച്ചതെന്ന് വ്യക്തമാകുന്നല്ലൊ. കൊള്ളാം. ഇതിനെപ്പററി രണ്ടു വാക്കു മിസ്റ്റർ തോമ്മസിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ. താമ്റശാസനത്തിൽ 'സാബൊർ' എന്ന പേരു കാണിച്ചുതരാമൊ? കാണിച്ചുതരാമെങ്കിൽ എന്റെ വാദം ഇപ്പോൾ തന്നെ ഞാൻ നിർത്തിയിരിക്കുന്നു. മിസ്റ്റർ തോമ്മസിന്റെ വാദം ശരിയാണെന്നു സമ്മതിച്ചുകൊള്ളാമെന്നും അതു പ്രസിദ്ധപ്പെടുത്താമെന്നും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ സബറീശൊ എന്നാണ് താമ്റശാസനത്തിൽ എഴുതപ്പെട്ടിരിക്കുന്നതെന്നും അതു ഗ്രന്ഥാക്ഷരത്തിലാണു എഴുതപ്പെട്ടിരിക്കുന്നതെന്നും ചൊവ്വെ എടുത്ത മിസ്റ്റർ തോമ്മസിനെ ഞാൻ കാണിച്ചുതരുന്നപക്ഷം സബറീശൊ സാബൊർ ആണെന്ന് വാദിച്ചതു അബദ്ധമായിപോയി എന്നു സമ്മതിക്കുമൊ? കൊസ്സാണുരവി എന്ന ഒരു കേരളരാജാവിനെപ്പററി പാണ്ടിരാജ്യത്തിലെ ഒരു ക്ഷേത്രത്തിൽ ഒരു രേഖയിൽ പ്രസ്താവിക്കുന്നുണ്ട്. ആ രേഖ ക്രി. "ഒമ്പതാം ശതാബ്ദത്തിലേതാണെന്ന് അതിൽ പറയുന്ന ഒരു ചോള രാജാവിന്റെ പേരുകൊണ്ടും മററും അവിതർക്കിതമായി തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു" എന്ന് മിസ്റ്റർ തോമ്മസ് പറയുന്നതിനെപ്പററി അശേഷം പ്രതിഷേധമില്ല. ഒമ്പതാം ശതാബ്ദത്തിൽ കേരളത്തിൽ പല രാജാക്കൾ ഉണ്ടായിരുന്നു. അവരിൽ ഒരാൾ കൊസ്സാണുരവി എന്നു പേരുള്ളവൻ ആയിരുന്നു. അതിനെപ്പററി അല്ല തർക്കം. ടി. ശതാബ്ദത്തിൽ കൊസ്സാണുരവി എന്നൊരു ചക്രവർത്തി കേരളത്തിൽ ഉണ്ടായിരുന്നൊ എന്നാണ്. ചക്രവർത്തികൾ പെരുമാക്കൾ മാത്രമായിരുന്നു. ഒമ്പതാം നൂററാണ്ടിൽ ചക്രവർത്തി എന്ന സ്ഥാനത്തിൽ യാതൊരു പെരുമാളുമുണ്ടായിരുന്നില്ല. ഇവിടെയാണ് തർക്കം. ഇതാണ് തെളിയിക്കേണ്ടതു.

൪. "നാലാം ശതാബ്ദത്തിനു മുമ്പ് വിദേശികൾ ഇവിടെ വന്നിട്ടില്ലെന്നുള്ളതു നമ്മുടെ ഐതിഹ്യങ്ങളിൽ നിന്നു സിദ്ധമാണല്ലൊ" എന്നു മിസ്റ്റർ തോമ്മസ് വാദിക്കുന്നു. ഈ ഐതിഹ്യങ്ങൾ എല്ലാം ശരിയായിട്ടുള്ളതല്ലെന്നും ഐതിഹ്യങ്ങൾ ഏതു നിലയിലാണ് നാം സ്വീകരിക്കേണ്ടതെന്നും "മാർ തോമ്മാ ക്രി

സ്ത്യാനികൾ” ൪, ൫, ൬ അദ്ധ്യായങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതു സ്വീകരിക്കാൻ മിസ്റ്റർതോമ്മസിനു സമ്മതമില്ലാത്തപക്ഷം കല്ക്കട്ടായിൽനിന്നു പുറപ്പെടുന്ന Catholic Herald എന്ന പ്രസിദ്ധപത്രത്തിൽ Rev. Fr. Hosten S. J. അവർകൾ കഴിഞ്ഞ ജൂലായ് ൨൭ മുതൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിവരുന്ന ഉപന്യാസങ്ങൾ വായിച്ചുനോക്കട്ടെ. അതിൽ ഈയാണ്ട് ആരംഭത്തിൽ മൈലാപ്പൂരിൽനിന്നു കണ്ടുകിട്ടിയ ചില ശിലാരേഖകൾ എടുത്തു കാണിച്ചുകൊണ്ടു തോമ്മാശ്ലീഹാ തെക്കെഇൻഡ്യയിൽ വന്ന കാലത്തു ഇവിടെ പേർഷ്യൻകാരുടെ ശക്തിയേറിയ ഒരു (Settlement) കുടിപാർപ്പുണ്ടായിരുന്നു എന്നും, അവക്കു ഒരു രാജാവും ചോഴമണ്ഡലത്തിലുണ്ടായിരുന്നു എന്നും അദ്ദേഹം ശാസ്ത്രീയമായി തെളിയിച്ചിരിക്കുന്നു. ഇതേപ്പററി അദ്ദേഹം കേരളത്തിൽ ചിലരോടു അഭിപ്രായം ചോദിച്ചതായും അവർ മലയാളത്തിലെ ചില പൂർവ്വരേഖകൾ എടുത്തു കാണിച്ചുകൊണ്ടു അദ്ദേഹത്തിൻെറ അഭിപ്രായം അനുകൂലിച്ചതായും എനിക്കറിവുണ്ട്. “നമ്മുടെ ഐതിഹ്യങ്ങൾക്കു” Fr. H. Hosten S. J. അവർകളുടെ പ്രസ്താവന എതിരായിട്ടാണല്ലൊ നിൽക്കുന്നതു്. ഇതിൽ മിസ്റ്റർ തോമ്മസിൻെറ അഭിപ്രായം എന്താണെന്നു് അറിയേണ്ടിയിരിക്കുന്നു. “നമ്മുടെ ഐതിഹ്യങ്ങളിൽ” മിസ്റ്റർ തോമ്മസ് മുറുകെ പിടിച്ചുകൊണ്ടാണ് നിൽക്കുന്നതെങ്കിൽ Fr. H. Hosten S. J. അവർകളോടു മിസ്റ്റർ തോമ്മസ് എതിക്കുമെന്നതിൽ സംശയിക്കാനില്ല. ഐതിഹ്യങ്ങളെല്ലാം വിശ്വാസയോഗ്യമല്ലെന്നു് സമ്മതിക്കുന്നപക്ഷം മിസ്റ്റർ തോമ്മസിൻെറ വാദം ഇതിനാൽ തന്നെ തകന്നിരിക്കുന്നു.

൯. മേൽ പ്രസ്താവിച്ചിട്ടുള്ളതൊക്കയും മിസ്റ്റർ തോമസിൻെറ ലേഖനത്തിൻെറ പ്രധാന വിഷയങ്ങൾക്കുള്ള സമാധാനമാണ്. ആദ്യ ക്രിസ്ത്യാനികളുടെ ഇടയിൽ പട്ടക്കാരൻ അഥവാ മൂപ്പൻ എന്നതിൽനിന്നു ഭിന്നമായി മെത്രാൻ എന്നൊരു സ്ഥാനം ഉണ്ടായിരുന്നോ എന്നും പശ്ചിമ ഏഷ്യായിൽ അങ്ങനെ ഉണ്ടായിരുന്നാൽതന്നെ കേരളത്തിൽ അങ്ങനെ മെത്രാൻ ഉണ്ടായിരുന്നെന്നു രേഖകളാൽ സ്ഥാപിക്കേണ്ടതാണെന്നും വിദേശീയ മെത്രാന്മാക്കു തോമ്മാശ്ലീഹായിൽ നിന്നു പന്തുടർച്ചയുണ്ടോ എന്നും അവരുടെ ആരാധനക്രമം ഏതു ഭാഷയിൽ ആയിരുന്നു എന്നും ഒരു നാട്ടു മെത്രാനു ‘സബറീശൊ’ എന്ന സുറിയാനി നാമം ഉണ്ടായതെങ്ങനെയെന്നും കൊല്ലത്തെ പള്ളിക്കു “തരിസിപ്പള്ളി” എന്ന പേരു സിദ്ധിച്ചതെങ്ങനെയെന്നും, തരിസ (Tyre) എന്ന പട്ടണത്തിൽ നിന്നും കുടിയേറിയവരുടെ പള്ളി എന്നല്ലേ നാം ആ പേരിനെ വ്യാഖ്യാനിക്കേണ്ടതെന്നും, ചെമ്പേട്ടിൽ കാണുന്ന മെത്രാൻെറയുംമററും ഒപ്പുകളും വേറെ പല ഭാഗങ്ങളും ‘പല്ലവി’ എന്ന പേർഷ്യൻഭാഷയിൽ അത്രേ എന്നും, നാലാംനൂററാണ്ടിനുമുമ്പു വിദേശികൾ ഇവിടെ വന്നിട്ടില്ലെന്നു നമ്മുടെ ഐതിഹ്യങ്ങളിൽ നിന്നു സിദ്ധമാകുന്നതിനാൽ ചെമ്പേടും ആ കാലം കഴിഞ്ഞിട്ടുണ്ടായതുതന്നെയാണെന്നും, സ്ഥാണുരവിയെ മൂന്നാംനൂററാണ്ടിലേക്കു വലിച്ചിഴച്ചുകൊണ്ടുപോകാൻ പണ്ഡിതലോകം സമ്മതിക്കയില്ലെന്നും .... ” മററും ചിലതെല്ലാം മിസ്റ്റർ തോമ്മസ് പറയുന്നുണ്ടു. ഇതൊക്കെ അനാവശ്യമാണെന്നല്ലാതെ കാര്യത്തിൽ ഉൾപ്പെട്ടതല്ലെന്നു ഞാൻ കരുതുന്നു. മാന്യന്മാരായ വായനക്കാരും അങ്ങനെ തന്നെ കരുതുമെന്നുവിശ്വസിക്കുന്നു. കടശി കുറേമുമ്പു പരേതനായ അക്കിയോളൊജിക്കൽ സൂപ്രണ്ടു മിസ്റ്റർ ഗോപിനാഥറാവുവും ഞാനുമായി ഒരു സംഭാഷണം നടത്തിയ വിവരം പറഞ്ഞുകൊണ്ടു ഈ ലേഖനം അവസാനിപ്പിക്കുന്നു. തോമ്മാശ്ലീഹാ കേരളത്തിൽ സുവിശേഷം അറിയിച്ചിട്ടില്ലെന്നും ഒരിക്കലും ഇങ്ങനെ ഒരു സംഭവം നടന്നിട്ടില്ലെന്നും ഇതു വെറും മിഥ്യാവാദമാണെന്നും മററും മിസ്റ്റർ റാവു റെയ്സായിപ്പിൻെറ ചരിത്രം അടിസ്ഥാനപ്പെടുത്തി കുറെ വാശിയോടെ വാദിക്കയുണ്ടായി. ഒരു കല്ലേൽ കൊത്തപ്പെട്ട എഴുത്തു ഇതേപ്പററി കണ്ടാൽ മാത്രമല്ലാതെ ഇതു സമ്മതിക്കാൻ പാടില്ലെന്നുകൂടിയും മിസ്റ്റർ റാവുപ്രസ്താവിക്കാതിരുന്നില്ല. ഇദ്ദേഹംഒരു അസാമാന്യപുരുഷൻതന്നെയെന്നും ഇത്ത

രക്കാർ പല നൂതന അഭിപ്രായങ്ങൾ പുറപ്പെടുത്താൻ തക്കവരാണെന്നും അപ്പോൾ എനിക്കു തോന്നുകയുണ്ടായി. ഈ റാവു അവർകൾ തന്നെ ചെമ്പേട്ടിന്റെ ഒരു പുതിയ തർജ്ജിമ ചെയ്തതായും അതിൽ ചില മാററങ്ങൾ വരുത്തിയതായും തക്കരാളിൽനിന്നു ഞാനറിയാൻ ഇടയായി. ഇതു സംബന്ധിച്ചു നേരിട്ടുയാതൊരറിവും എനിക്കില്ലാത്തതിനാൽ വാസ്തവത്തെക്കുറിച്ചു ഞാൻ യാതൊന്നും പറയുന്നില്ല.

ഫാദർ ബെർണ്ണാർഡ് സി. ഡി.

## പുൽക്കൂട്ടവർണ്ണന.

വസ്ത്രോൽ,പുല്ലു,നകം,കലപ്പ,യുരമെന്നിത്യാദിനിത്യം കൃഷി—
ക്കാക്കാവശ്യമെഴുന്നവസ്തുനിരയും കന്നാലിവർഗ്ഗങ്ങളും
നോക്കുംദിക്കിലശേഷവും സുഷിരമാംമേൽക്കൂടതും ചേർന്നൊരാ—
പുൽക്കൂട്ടിൽബെതിലേമിലന്നുദിതനാമീശോ കടാക്ഷിക്കണം.

ക്രൂക്ക്മറാം സ്കറിയാ ഡീക്കൻ.

ലോകം മൂന്നിന്നുമീശൻ മിശിഹയൊരുമഹാ സാധുവാം കുഞ്ഞിനെപ്പോ—
ലേകം കാലിത്തൊഴുത്തിൽ കിട്ടുകിടെ വിറയാന്നത്ര പുല്ലിൽ ശയിച്ചും
സാകം മർത്ത്യാംബയും തൻകണവനുമതിയാം ശോകഭാരത്തൊടും ഹാ!
നില്പും കാഴ്ചക്കൊരത്ഥം, "വലിയൊരെളിമനാം കണ്ടുശീലിക്ക"യെന്നോ?

ററി. കെ. ഖക്കി ചേർത്തല.

പാതാളം ഭൂമിയെന്നല്ലതിസുകൃതിഗണം വാനവർ വാണിടുന്നോ—
രാകാശംക്രൂടെയും തന്നൊരുഗിരമതിനാൽ സൃഷ്ടിചെയ്തോനെയേവം
അങ്കത്തിൽ ചേർത്തു കാക്കാൻ വിമലതയതുലം സംഭരിച്ചോരു കല്യൻ
പുല്ലിൻക്രൂടേ! ശുഭംതേ! തവപദമിനിമേൽ ലഭ്യമല്ലാർക്കുമോക്കിൽ.

പുത്തൻപ്പറമ്പിൽ അബ്രാഹം ശെമ്മാശൻ.

മിന്നും പൊന്മണിരത്നമന്ദിരഗണം നന്ദിച്ചുവന്ദിച്ചിട്ടു—
ന്നന്നിദാഭകലന്നോ "രേശുമിശിഹാ" സംഭൃതനായോരിടം
കന്ദിക്കും മഹിമാവെഴുന്ന "ബെതിലേം" പുൽക്കൂടിതെക്കാലവും—
മന്നിൻ കന്മഷഹാരണാത്മമധുനാ സൂരീന്ദ്രരേ! വാഴ്ത്തുവിൻ.

പി. മാത്യു കാക്കനാട്ടു ആയവന.

അചരച്ചന്ദ്രികചേന്ന രാത്രിപകതിക്കുച്ചസ്ഥനാം ചന്ദ്രനേ
മെച്ചത്തോടുമധഃകരിച്ചു വിലസും സ്വചരപ്രഭാന്തരജ്ഞ്യമായ്
പച്ചപ്പുല്ലിന്മേൽ കിടന്നുകളിരാൻ ഞെട്ടുന്ന പൊന്നുണ്ണിയെ—
ന്നിചരക്കാസ്പദമൊന്നുമാത്രമതുനിന്നോമൽപദാബ്ജങ്ങളാം.

ജോൺ മേരി തോട്ടം.

മാലിന്യം കലരും തൊഴുത്തിനകമേ മേവുന്നു സംഭ്രാന്തരായ്
കാലിക്കൂട്ട, മട്ടുത്തു തന്നെ മറിയം നില്പുന്നു യൌസേപ്പൊടും;
മാലേതും കലരാതെ സൌഖ്യമൊടിതാ പുൽക്കൂട്ടിലപ്പുല്ലത—
ന്മേലേമെദ്ദുരകാന്തിചേന്നു വിലസുന്നീശോ ധരാധീശ്വരൻ.

കെ. ജോൺ കൈതക്കോട്ടിൽ.

ഗോഷ്ഠത്തിൽതൃണമെത്തമേൽനഖശിഖം ശീതാനിലധാടിയിൽ
കഷ്ടപ്പെട്ടവലഞ്ഞരാത്രിമൃഗജാലത്താൽ സമാശ്വസ്തനായ്
നഷ്ടപ്പെട്ടോരു വിഷ്ടപത്തെയനിശം രക്ഷിക്കുവാൻ വന്നൊരാ—
ശിഷ്ടൻദൈവസുതൻെറ പാദയുഗളം കുമ്പുന്നു ഭക്ത്യാദരം.

പ്ലാക്കിയിൽ ജോൺ വാദ്ധ്യാർ.

ആരുംതാണുവണങ്ങിടുന്നകരുണാവാരാശി സംപൂജ്യനാം
പേരാളും നിഖിലേശപുത്രനിതുനാൾ പുൽക്കൂടതിൽപുക്കഹോ
പാരംപ്രീതികലൎന്നലോകനികരത്രാണാൎത്ഥമായ് ജാതനാ—
യാരാധിച്ചിടുമെന്നെയങ്ങലിവെഴുംമട്ടിൽ കടാക്ഷിക്കണം.

റവ്. മാത്യു, തിരുതാളിൽ.

കൂടുംമാഹാത്മ്യമാളും 'ബതിലഹ'പുരിതൻ മദ്ധ്യഭാഗത്തിലായ് പ—
ണ്ടാടും മാടും നിറഞ്ഞും പലനിറമിയലുംശഷ്പജാലംകലൎന്നും
തേടുംപുണ്യങ്ങൾചേരുംസുരവരസദനംപോലെ ലോകങ്ങൾകീൎത്തി—
ച്ചീടും പുൽക്കൂടു ശോഭിച്ചതിനകമമരും ക്രിസ്തുവേ! മംഗളംതേ

അതിരമ്പുഴ സി. എം. സെബാസ്ത്യൻ.

ദേവൻവന്നുപിറന്നു,തൻജനകനും നല്ലമ്മയും നില്ക്കവേ
ഹാ! വൻപാൎന്നുപശുൎക്കുപ്പി, ശരിയായ് പ്പാലിച്ചുമാലാഖമാർ
പാവപ്പെട്ടവർവാഴ്ത്തിനാരിടയരീമട്ടിൽ പ്രശസ്തിപ്പെടും
ശ്രീവദ്ധിച്ചൊരുസാഗ്ഗഗേഹസമമാം "പുൽക്കൂടു"വൎണ്ണിപ്പതാർ?!

മുകളയിൽ ജോസഫ് വാദ്ധ്യാർ നീണ്ടൂർ.

വക്കാൽവാനവരാകിലും വിവരമായോതാനൊതുങ്ങാത്തമ—
ട്ടൊക്കെത്താനൊരു വാക്കിനാലെയുളവാക്കീട്ടങ്ങുരക്ഷിച്ചിടും
ഇക്കാണുന്ന ജഗത്തുതൻജനയിതാ"വീശോ"ജനിച്ചുള്ളൊരാ—
പ്പുൽക്കൂടെ! പുരുപുണ്യപൂൎണ്ണപുരമെ! നിന്നെപ്പുകഴ്ത്തുന്നു ഞാൻ.

പനക്കൽ വി. സെബാസ്ത്യൻപിള്ള.

സാദത്തിൽ പൂരസാരപ്രചുരിമമറുരൂപത്തിലാവിർഭവിച്ചോ—
രാദത്തിൻ പാപപാശംപരിചൊടുവിടുവിച്ചുള്ളൊരീശപ്രവാസാൽ
മോദത്തിൻ ജന്മനാടേ! ശുഭതരുസുമമേ! വാനവക്കുള്ളതുംഗാ—
മോദത്തിൽ കൂത്തരംഗേ! തവകൃപതരണേ തെല്ലു;പുൽക്കൂടതേ നീ.

പനച്ചിക്കൽ ഏ. ജോസഫ് കാട്ടൂർ.

ജനുവരി— "നസ്രസ്സിലെ തിരുക്കുടുംബം."

# അമലോൽഭവതിരുനാൾ.

ചങ്ങനാശേരി പാറയിൽ സ്ഥാപിച്ചിട്ടുള്ള പരിശുദ്ധ ദൈവജനനിയുടെ അമലോത്ഭവ ജൂബിലിസ്മാരക കപ്പേളയിലെ തിരുനാൾ ൧൯൩൭ ഡിസംബർ ൮-ാംനു-ക്ക് ൱൧൩ വൃശ്ചികം ൨൩-ാംനു-തിങ്കളാഴ്ച ആരംഭിച്ചു ൧൯൩൭ ഡിസംബർ ൧൫-ാംനു-ക്ക് ൱൧൩ വൃശ്ചികം ൩൦-നു-വ്യാഴാഴ്ച അവസാനിക്കുന്നതാകുന്നു. അമലോത്ഭവ നാഥയുടെ സഹായാൎത്ഥം ഈ കപ്പേളയെ സന്ദശിച്ചു നേർച്ചകാഴ്ചകൾ സമപ്പിച്ചിട്ടുള്ള നാനാദിഗ്വാസികളായ വിവിധജാതി മതസ്ഥൎക്കു സിദ്ധിച്ചുവരുന്ന അസാമാന്യ നന്മകൾ സുപ്രസിദ്ധങ്ങളാണ്. വിശ്വവിശ്രുതമായ ലൂർദിൽ ദൈവജനനി പ്രവൎത്തിച്ചുവരുന്ന അനിഷേദ്ധ്യങ്ങളായ നിരവധി അത്ഭുതസംഭവങ്ങൾപോലെ ഇദ്ദേശീയരേ ഉദ്ദേശിച്ചു ഇവിടെയും ചെയ്യുന്നുണ്ടെന്നു നി

സ്സംശയം പറയാവുന്നതാണ്. ഈ തിരുനാളിൽ ദിവ്യകാരുണ്യമുൾക്കൊണ്ട് ഈ പള്ളിയെ സന്ദർശിക്കുന്നവർക്ക് പരിശുദ്ധ സിംഹാസനത്തിൽ നിന്നും സഭയം പരിപൂർണ്ണ ദണ്ഡവിമോചനം നൽകിയിരിക്കുന്നതു പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു. ദൈവജനനിയുടെ ഭക്തന്മാരായ ക്രിസ്ത്യാനികളേവരും ഈ പുണ്യകാലം അനുഭവയോഗ്യമാക്കി ചെയ്യുമെന്നാശംസിക്കുന്നു.

ചങ്ങനാശ്ശേരി അരമന, ൧൨. ൧൧. ൧൯൨൧ } എന്ന് ടി. സ്മാരകകമ്മറ്റിയുടെ പ്രസിഡണ്ട് മോൺസിഞ്ഞോർ ജയിക്കബ് കല്ലറയ്ക്കൽ.

# തിരുഹൃദയ ഭക്തന്മാർ ൧൯൨൧ ധനുമാസത്തിൽ വെക്കേണ്ട പൊതു നിയോഗം.

## "സ്ത്രീകളുടെ സാമുദായികനില."

"സ്ത്രീകൾ ദേവാലയത്തിൽ പ്രസംഗിക്കുന്നതു ആക്ഷേപാർഹമാണെന്നും" (I. കൊറന്താ. XIV. 35.) "ഉപദേശികളായിരിപ്പാൻ അവർക്കു താൻ അനുവദിക്കുന്നതല്ലെന്നു" (I. തിമോ. II. 12.) മാണു വി. പൌലോസിന്റെ സിദ്ധാന്തം. കുടുംബഭരണക്രമത്തിലാകട്ടെ സ്ത്രീകൾ പുരുഷന്മാർക്കു കീഴ്പെട്ടു നിന്നുകൊള്ളണമെന്നും ശ്ലീഹാ ആജ്ഞാപിക്കുന്നു. (എപ്പേസ്യ. V. 22 – 32.) ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള അന്യോന്യ സ്നേഹത്തേയും വിശ്വസ്തതയേയുംപററി നിഷ്കർഷിച്ചിരിക്കുന്ന ആ ലേഖനത്തിൽതന്നേ സമുദായോൽക്കർഷത്തിനു ഒഴിച്ചുകൂടാത്തതായ ആജ്ഞാനുസരണത്തെപ്പററിയും വി. അപ്പസ്തോലൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾക്കനുസരിച്ച് കാര്യാദികൾ നടന്നുപോകുന്നിടത്തോളംകാലം കുടുംബത്തിലും സമുദായത്തിലും സമാധാനം പരിലസിക്കും.

എന്നാൽ വി. പൌലോസിനേക്കാൾ മതവൈരാഗ്യമുള്ള നവീകരണനേതാക്കന്മാർ കുറേനാളായി പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ട്. ബിഷോപ്പുസായിപ്പും മദാമ്മയുംകൂടി വേദപ്രസംഗം നടത്തുന്ന പക്ഷം ഒരാൾ തനിച്ചുചെയ്യുന്നതിലധികം വേദപ്രചാരണജോലി നിർവ്വഹിപ്പാൻ സാധിക്കയില്ലയോ എന്നാണു അവർ ചോദിക്കുന്നതു്. വൈദികജോലിക്കോ മെത്രാൻസ്ഥാനത്തിന്നു തന്നെയുമോ സ്ത്രീകളെ എന്തുകൊണ്ടു നിയമിച്ചുകൂടാ എന്നു അവർക്കു മനസ്സിലാകുന്നില്ല. ദൈവം തങ്ങൾക്കു പ്രദാനം ചെയ്യുന്ന വിശിഷ്ടദാനങ്ങളായ സന്താനങ്ങളേ വേണ്ടവിധം വളർത്തിക്കൊണ്ടുവരേണ്ട സർവ്വപ്രധാനമായ ഒരു ചുമതല തങ്ങൾക്കുണ്ടെന്നുള്ളതു പ്രായേണ വിസ്മരിക്കപ്പെട്ടുവരുന്നു. ഇതിനാലത്രേ ലോകം പ്രതിദിനമെന്നതുപോലെ അത്യധികം പ്രലാപകരമായ അവസ്ഥയേ പ്രാപിച്ചുവരുന്നതു്.

മക്കളേ വേണ്ടപോലെ വളർത്തിയെടുക്കേണ്ട ജോലി മാതാക്കളിലാണു പ്രധാനമായി തൂങ്ങിയിരിക്കുന്നതെന്നു പറയേണ്ടതില്ലല്ലൊ. ഈ ജോലി തൃപ്തികരമായി അവർ നിവൃത്തിക്കുന്നുവെങ്കിൽ സമുദായോന്നമനത്തിലേക്കു അതിലധികമൊന്നും അവർ ചെയ്യേണ്ടതില്ലതന്നേ. അതിനേ ഉപേക്ഷിച്ചിട്ടു മററന്തെല്ലാം മഹൽകൃത്യങ്ങൾ അവർ സാധിച്ചാലും, സമുദായ നാശകാരിണികളായിട്ടല്ലാതെ പരിഗണിക്കപ്പെടാവുന്നതല്ല. തിരുസഭയിലിന്നു വണങ്ങപ്പെടുന്ന മഹാ പരിശുദ്ധന്മാരിൽ പലരുടെയും ജനനിമാർ അവരുടെ മക്കളുടെ വിശുദ്ധീകരണത്തിനു എങ്ങനെ മൂലകാരണമായിരുന്നുവെന്നു ചരിത്രം വിളിച്ചുപറയുന്നു. ഇതിലധികം എന്താണ് അവർ തിരുസഭയ്ക്കുവേണ്ടി ചെയ്യേണ്ടിയിരുന്നതു്?

ആകയാൽ ഈ ഉദ്ദേശങ്ങളായ തങ്ങളുടെ കടമകളേ സ്ത്രീകൾ ശരിയായറിഞ്ഞനുഷ്ഠിക്കുന്നതിലേക്കു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാർത്ഥിക്കണം.

മകരം— രാഷ്ട്രീയസമാധാനം.

## കുറിപ്പുകളും വർത്തമാനങ്ങളും.

### ക്രിസ്ത്മസ്സ് മംഗളം.

കുസുമത്തിന്റെ അഭ്യുദയകാംക്ഷികളായ എല്ലാ മഹാത്മാക്കൾക്കും ശോഭനമായ ഒരു പിറവിത്തിരുനാൾ ഇത്തവണ ആദ്യമായിട്ടു ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു. പരിശുദ്ധ കർമ്മലനാഥ നമുക്കേവർക്കും ഉണ്ണിമിശിഹായുടെ ദാനങ്ങളെ ധാരാളമായി ലഭിപ്പിച്ചുതരുമാറാകട്ടെ!

### പുതിയ ക്രിസ്ത്യാനികൾ.

ക്രിസ്ത്യാനികളെന്നുള്ള പേരു ധരിച്ചുകൊണ്ടു ക്രിസ്തുവിന്റെ നാമത്തെ അവമാനിക്കുന്ന ചില ദുഷ്ടബുദ്ധികളുടെ കാര്യമാണ് ഇക്കൊല്ലത്തെ ക്രിസ്തുമസ്സിനോടൊന്നിച്ചു ഓർമ്മപഥത്തിൽ വരുന്നതു്. നവീകരണത്തോടുകൂടി ക്രിസ്തുവേദത്തിനു വരുത്താൻ പാടുള്ള നാശമെല്ലാം പിശാചു വരുത്തിക്കഴിഞ്ഞുവെന്നു വിചാരിക്കുന്നവരുണ്ടായിരിക്കാം. എന്നാൽ ഇനിയും നശീകരണജോലി പൂർത്തിയായിട്ടില്ല. ക്രിസ്തു ദൈവമല്ലെന്നുതന്നെ പഠിപ്പിക്കുന്ന നവീകരണക്കാരും ഇതാ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. കെയിംബ്രിഡ്ജിലുള്ള ചില മതപരിവർത്തനനേതാക്കന്മാർ ഈ പാഠം പ്രചരിപ്പിച്ചുതുടങ്ങിയിരിക്കുന്നു. അഹോ! എന്തൊരു ക്രിസ്ത്യാനികൾ! എന്തൊരു ദൈവദൂഷണം!! പത്രങ്ങളിലും പ്രസംഗപീഠങ്ങളിലും പുറപ്പെടുവിച്ചുതുടങ്ങിയിരിക്കുന്ന ഈവിധ ഭയങ്കരദൈവദൂഷണങ്ങൾക്കു പരിഹാരമായി ഇക്കഴിഞ്ഞ ഒക്ടോബർ 2നു പ്രത്യേക പ്രാർത്ഥനകളും മറ്റും നടത്തിക്കൊള്ളുന്നതിനു ഇംഗ്ലണ്ടിൽ സാൽഫോർഡിലെ മെത്രാൻ തന്റെ ജനങ്ങൾക്കു ഒരിടയലേഖനം അയക്കയുണ്ടായി. ഇയ്യാണ്ടത്തെ പിറവിത്തിരുനാൾ നമുക്കും ഒരു പരിഹാരദിനമായിരിക്കട്ടെ!

### "കൊച്ചുമേരി"ക്കു്.

"......... The Flower is emitting its lustre with remarkable beauty. Indeed I approve of your poetic innovations and the simple and lucid style which of late characterize your paper ..." എന്നും മറ്റും ലണ്ടനിലിരുന്നുകൊണ്ടു 'കുസുമ'ത്തിനു കുറേ ഇംഗ്ലീഷ് ചായം തളിച്ചുശേഷം നമ്മുടെ മിസ്റ്റർ പി. ജേ. തോമസ് എം. ഏ. (ഓണേഴ്സ്) തുടർന്നു ഇങ്ങനെ എഴുതിയിരിക്കുന്നു:—

"ഇനി അല്പം മലയാളത്തിലായിക്കൊള്ളട്ടെ. 'കൊച്ചുമേരി' എന്ന ഖണ്ഡകാവ്യം എനിക്കു എത്രമാത്രം ആനന്ദത്തെ ഉളവാക്കിയെന്നു വിവരിപ്പാൻ പ്രയാസം. നമ്മുടെ ഒരു നസ്രാണിബാലിക ഇത്ര ലളിതവും അക്ലിഷ്ടവും ആയ രീതിയിൽ മലയാളഭാഷാകവിതയെ എഴുതുന്നതു വാസ്തവത്തിൽ ഇദംപ്രഥമമാണെന്നു തോന്നു. വട്ടശ്ശേരി അലക്സാന്ത്രയോസ് എന്നൊരു പൂർവ്വകവി എഴുതിയിട്ടുള്ള പ്രസിദ്ധമായ 'ആദമാദി' എന്ന ഖണ്ഡകൃതിയുടെ മട്ടിൽ ആ ബാലിക എത്രയോ തന്മയത്വത്തോടുകൂടി ആ കഥ കഥനംചെയ്തിരിക്കുന്നു. 'ധന്യയെന്റെയമ്മ തന്റെ ചെറുപ്പകാലമൊരല്പനാൾ— കന്യകാമഠബാലികാലയമൊന്നിലങ്ങു വസിച്ചപോൽ' എന്നുതുടങ്ങി ഒരു വിഷമവും പദക്ലേശവും കൂടാതെ, നല്ല മണിപ്രവാള രീതിയിൽ, "കാല ചക്രമതീവവേഗമൊടൊന്നുമേയറിയാത്തപോൽ— ചേലൊടന്നുമൊരേശതിതിക്കു തുടർന്നു തന്നുടെജോലിയെ" എന്നിങ്ങനെ ചമൽക്കാരസമ്പൂർണ്ണങ്ങളായ ഉൽപ്രേക്ഷാദി അലങ്കാരങ്ങൾ അവിടവിടെ വാരിവിതറി എത്രയും ഹൃദയംഗമമായി എഴുതിയിട്ടുള്ള ഈ "കൊച്ചുമേരി" നസ്രാണിബാലികകൾക്കാകപ്പാടെ അതിയായ അഭിമാനമുളവാക്കുമെന്നുള്ളതിനു എനിക്കു യാതൊരു സംശയവുമില്ല. നമ്മുടെ ഈ മാന്യകവയിത്രിയെ ഞാൻ ഈ ദൂരദേശത്തുനിന്നുപോലും അഭിനന്ദിച്ചുകൊള്ളട്ടെ".

### ഓ ഗാന്ധിജീ!

മഹാത്മാഗാന്ധിയുടെ കാന്തിയെല്ലാം മങ്ങിത്തുടങ്ങിയിരിക്കുന്നു. മലബാർ ലഹള ഇൻഡ്യയുടെ നല്ലകാലത്തിന്റെ ഒരു ആരംഭദശയായി ചിലർ അഭിപ്രായപ്പെടുന്നുവെങ്കിൽ, വെയിൽസ്‌രാജകുമാരന്റെ ആഗമനത്തോടുകൂടെ ബോംബയിൽ നടന്ന സംഭവങ്ങൾ അതിന്റെ ഒരു ദ്വിതീയഘട്ടമായിപ്പരിഗണിക്കാം. രാജകുമാരന്റെ എതിരേല്പു ആ

കളോടേ അമംഗളമാക്കിത്തീക്കുന്നതിലേക്ക സഹകരണത്യാഗികൾ അവിടെ പാടായ ശ്രമങ്ങളെല്ലാം ചെയ്തുനോക്കി. അതു മുഴുവൻ വിഫലമായെന്നു കണ്ടപ്പോളാണ് അവർ ബലംപ്രയോഗിച്ചുനോക്കിയത്. അവരോടു അനുകൂലിക്കാത്ത എല്ലാവരേയും നാനാപ്രകാരത്തിൽ ഉപദ്രവിച്ചുതുടങ്ങി. ക്രിസ്താനികളും പാർസികളും ഹിന്തുമുസ്സൽമാന്മാരുടെ കോപാഗ്നിക്ക ഇരയായിത്തീൎന്നു. മലബാർ ലഹളത്തേയും അതിശയിക്കത്തക്ക ക്രൂരകൃത്യങ്ങൾ അവിടെനടന്നതായിട്ടാണ് കമ്പിവൎത്തമാനങ്ങളിൽ കാണുന്നത്. മലയാളത്തേക്കതന്നെ ഒന്നയക്കമാത്രം ചെയ്തിരുന്നെങ്കിൽ സൎവ്വം സമാധാനമയമാക്കി കളഞ്ഞേനെ എന്നു വമ്പുപറഞ്ഞ മഹാത്മാവും സ്ഥലത്തുണ്ടായിരുന്നു. സമാധാനമാക്കുന്നതിനു ശ്രമിക്കാതെയുമിരുന്നില്ല. ഫലം നാസ്തിയായിത്തീൎന്നെന്നേയുള്ളു. ആരംഭിച്ച ജോലികൾ ലഹളക്കാർ തുടൎന്നുകൊണ്ടിരുന്നു. ഇപ്പോഴും തുടൎന്നുകൊണ്ടിരിക്കയും ചെയ്യുന്നു. ആനയുടെ കൈയ്യിൽ ഇരുമ്പുലക്ക കൊടുത്തിട്ടു തിരികെ വാങ്ങിക്കാൻ ചെല്ലുന്നതു മൌഢ്യമാണെന്നു ഗാന്ധിക്കിപ്പോൾ മനസ്സിലായിക്കാണണം. ആകപ്പാടെ മഹാത്മാവിനു വലിയമനസ്സിടിവു തട്ടിയിരിക്കയാണ്. കൃത്യവിചാരസമായ ൧൧ദെ- മുതൽ നോമ്പും പ്രായശ്ചിത്തവുമായിട്ടു കഴിച്ചുകൂട്ടുകയാണത്രേ!

---

## മനോഗുണ വിവരങ്ങൾ.

ഒന്നൊന്നരക്കൊല്ലമായി ജോലിചെയ്തതിൽ പ്രതിഫലം ലഭിക്കുന്നതു അശക്യമെന്ന നിലയിലിരിക്കെ അനുഗ്രഹങ്ങളുടെ നിധിയായ ഈശോയുടെ തിരുഹൃദയത്തിൽ ഞാൻ ശരണപ്പെടുകയും കാൎയ്യം സാധിച്ചാൽ വേദപ്രചാരസംഘത്തിലേക്ക ഒരു ചെറിയ സംഖ്യ അയയ്ക്കാമെന്നു നേരുകയും ചെയ്തു. ഇന്നു ൭ൽ മണിക്ക ആ ഏൎപ്പാടു തീൎന്നു കിട്ടിയതിനാൽ ൩ രൂപ ഈ എഴുത്തുസഹിതം അയക്കുന്നു. കെ. ഒ. ജെ. മുതലക്കോടം.

ചെങ്ങളത്തേ സെൻറു അന്തോനീസിൻെറ അനുഗ്രഹത്താൽ, ആപൽക്കരമായി തോന്നിയ എൻെറ സുഖക്കേട് അത്ഭുതകരമാംവണ്ണം സുഖപ്പെടുകയും, ദീൎഘനാളായി ആഗ്രഹിച്ചിരുന്ന ഒരു കാൎയ്യം സാധിക്കയും ചെയ്തിരിക്കുന്നു.

ഇ. ജെ. എ. ടി. വടയാർ.

ചെങ്ങളത്തു അന്തോനീസു പുണ്യവാൻെറ സഹായത്താൽ എൻെറ ഭാൎയ്യയുടെ കഠിനമായ ഉദരവ്യാധി സുഖപ്പെട്ടു ഗൎഭമുണ്ടായിരിക്കുന്നതിനു ഉപകാരസ്മരണ. സി. സി. അരണാട്ടുകര.

വാതരീനത്തോടുകൂടെ എനിക്കുണ്ടായ മൂത്രബന്ധം വി. അന്തോനീസിൻെറ സഹായത്താൽ നീങ്ങിക്കിട്ടിയതിനു ഉപകാരസ്മരണ. ജെ. ഏ. മുഹമ്മ.

ചെങ്ങളത്തെ മാർ അന്തോനീസുപുണ്യവാൻെറ സഹായത്താൽ ദീൎഘകാലത്തെ പഴക്കമുള്ള എൻെറ ഭാൎയ്യയുടെ വ്യാധി സുഖപ്പെട്ടതിന്നു ഉപകാരസ്മരണ.

റി. ജെ. പാവർട്ടി.

പൈങ്ങട്ടൂർ വി. അന്തോനീസിൻെറ അത്ഭുതസഹായത്താൽ ഒരുഹിന്തുവിൻെറ വക വലിയ ഒരാനയുടെ ആപൽക്കരമായ രോഗം ശമനമായിരിക്കുന്നതിനുപകാരസ്മരണചെയ്യുന്നു.

എക്സ്. പൈങ്ങട്ടൂർ.

---

## ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്ക വേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

(1) പ്രവിത്താനത്തു പള്ളിയിടവക കാഞ്ഞിരത്തുങ്കൽ മറിയം നവംബർ 10നു- 72 വയസ്സ്. (2) ആലങ്ങാട്ടു പള്ളിയിടവക മേനാച്ചേരി കൊച്ചുവറിയതു നവംബർ 2-നു- കാലത്തു ആറുമണിക്ക 61 വയസ്സ്.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ച    . ൯൦൭൮ ൧൮൯൮    എപ്പകത്തി ൭൨

## ൧൮൯൮ ഡിസംബർ — ൯൦ വൃശ്ചികം - ധനു

| | | | | |
|---|---|---|---|---|
| 1 | 16 | വ്യാ | † മെൻ. അന്ത്രയോസ് ന. ആ. കു. വെ. (നവം. ൧൦) | വെ. |
| 2 | 17 | വെ | ക. വേദ. ബിബിയാ. ന. ആ. കു. വെ. | ച്യു. |
| 3 | 18 | ശ | † മെൻ. പ്രംസീസ്സ. ശവരി. ന. ആ. കു. വെ. | വെ. |
| | | | മണ്ണാരപ്പാറ, കുതവറ, ആപ്പുക്കര ഈ പള്ളികളിൽ പ്രധാന തിരുനാൾ. | |
| 4 | 19 | ഞാ | ✠ ആഗമന. ൨—ാംഞാ. ന. കു. ആ. . ൟ . ച . ൭ | റോ. |
| | | | ☞ വ്യാഴം തിരുനാൾ കടം പള്ളിയിലറിയിക്കണം. | |
| 5 | 20 | തി | ക. വേദ. ബാർബരാ. ന. ആ. കു. വെ. (ഇന്നലെ) | ച്യു. |
| 6 | 21 | ചൊ | അ. മെൻ. നിക്കാവോസ്. ന. ആ. കു. വെ. | വെ. |
| 7 | 22 | ബു | മ. അ. അംബ്രോസീസ്. ന. ആ. കു. വെ. | വെ. |
| 8 | 23 | വ്യാ | ✠ പരി. കന്യ. മറി. അമലോത്ഭവം. ന. കു. വെ. | വെ. |
| | | | പാലാ, ചങ്ങനാശേരി, പൊൻകുന്നം, മാന്നാനം ഈ പള്ളികളിൽ പ്രധാന തിരുനാൾ, ഭരണങ്ങാനം പാറേൽ പള്ളിയിൽ പ്രംസീ. ശവരിയാർ പ്രധാന തിരുനാൾ. | |
| 9 | 24 | വെ | ഏം. ന. ആ. കു. വെ. | വെ. |
| 10 | 25 | ശ | † പരി. കന്യ. മറി. ഭവനമാററം. ന. ആ. കു. വെ. | വെ. |
| 11 | 26 | ഞാ | ✠ ആഗമന. ൩—ാംഞാ. ന. കു. ആ. . ൭൭ . ൨ . ൫ | റോ. |
| 12 | 27 | തി | പാ. മെൻ. ദമാസ. ന. ആ. കു. വെ. (ഇന്നലെ) | വെ. |
| 13 | 28 | ചൊ | ക. വേ. ലൂക്കിയാ. ന. ആ. കു. വെ. | ച്യു. |
| 14 | 29 | ബു | † അ. മെൻ. പത്രോസ്. ക്രീസാ. ന. ആ. കു. വെ. (ഈ. ൪) | വെ. |
| 15 | 1 | വ്യാ | കന്യ. മറി. അമലോ. എട്ടു. ന. ആ. കു. വെ. | വെ. |
| 16 | 2 | വെ | അ വേദ. എവുസേബിയോസ്. ന. ആ. കു. വെ. | ച്യു. |
| 17 | 3 | ശ | † മെൻ. ലെയോനാ. ന. ആ. കു. വെ. (നവംബർ ൨൩) | വെ. |
| 18 | 4 | ഞാ | ✠ ആഗമന. ൪—ാംഞാ. ന. കു. ആ. . ൭൫ . ൭ ൭ | റോ. |
| | | | ☞ ശനി ഒരുനേരം പള്ളിയിലറിയിക്കണം. | |
| 19 | 5 | തി | മാർ തോമ്മാ. മൈലാ. അത്ഭു. കല്ലു. ന. ആ കു. വെ. (ഈ. ൧൮) | വെ. |
| 20 | 6 | ചൊ | മാർ തോമ്മാ ശ്ലീ. തലേനാൾ. ന. ആ. കു. തലേ. | റോ. |
| 21 | 7 | ബു | (✠) മാർ തോമ്മാ ശ്ലീഹാ ന. കു. വെ. | ച്യു. |
| 22 | 8 | വ്യാ | † ക. മറി. പിറവി. പ്രതീ. ന. ആ. കു. വെ. (ഈ. ൧൮) | വെ. |
| 23 | 9 | വെ | † ന. ദിവ്യരക്ഷ. തിരു. ന. ആ. കു. വെ. (ഒക്ടോ. ൨൩) | വെ. |
| 24 | 10 | ശ | ന. ക. പിറവി. തലേനാൾ. ന. ആ. കു. തലേ. (ഒരുനേരം) | റോ. |
| 25 | 11 | ഞാ | ✠ ദിവ്യരക്ഷ. പിറവി. ന. കു. വെ. . ൟ . ൩ . ൫ | വെ. |
| | | | പുന്നത്തുറ പുത്തൻപള്ളിയിൽ പ്രധാന തിരുനാൾ. | |
| 26 | 12 | തി | (✠) ആദ്യവേദ. എസ്തപ്പാനോസ് ന. ആ. കു. വെ. | ച്യു. |
| | | | എളവൂർ പള്ളിയിൽ പ്രധാന തിരുനാൾ. | |
| 27 | 13 | ചൊ | (✠) ശ്ലീ. ഏവ. യോഹന്നാൻ ന. കു. വെ. | വെ. |
| 28 | 14 | ബു | (✠) കുഞ്ഞിപ്പൈതങ്ങൾ ന. ആ. കു. വെ. | റോ. |
| 29 ● | 15 | വ്യാ | അ. വേദ. തോമ്മാ കന്തോരി ന. ആ. കു. വെ. | ച്യു. |
| 30 | 16 | വെ | പിറവി ഇട. ഞാ. ന. കു. ആ. | വെ. |
| 31 | 17 | ശ | പാ. മെൻ. സിൽവസ്ത്രോസ് ന. ആ. കു. വെ. | വെ. |

# കർമ്മലകുസുമം.

## പത്തൊൻപതാം പുസ്തകം.

1921 – 1922.

## വിഷയവിവരണിക.


പക്ഷം.

അശൌചം. (ഒരുകഥ) (ദിവ്യശ്രീ മററത്തിൽ കയ്യൻ ക.) 132, 174, 223
അൽത്താരമേൽ ഉറക്കം. (ഒരുകഥ) (ശ്രീമാൻ തോമ്മസ് മലയിൽ) 61, 87, 110
അപ്പസ്തോലികപാരമ്പര്യം. (വക്കീൽ ശ്രീമാൻ കെ. ജെ. പോൾ) 195
ആശീർവ്വാദം. 143
(നി. വ. ദിവ്യശ്രീ കയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻ തിരുമനസ്സുകൊണ്ട്)
ഇടയലേഖനങ്ങൾ. 2
പിറവിത്തിരുനാൾ. 255
വി യൌസേപ്പുപി. മാദ്ധ്യസ്ഥപ്രസ്താവന സപ്തജൂബിലി. 49
ദൈവജനനിയുടെ കരേററത്തിരുനാൾ 159
നമ്മുടെ കർത്താവിൻെറ പിറവിത്തിരുനാൾ. 255
(നി വ. ദി ശ്രീ. കയ്യാളശ്ശേരി മാർ തോമ്മാ മെത്രാൻ തിരുമനസ്സുകൊണ്ട്)
ആംഗ്ലിക്കൻ സഭയുടെ അധോഗതി (ന. ദീ.) 169
അമലോത്ഭവത്തിരുനാൾ. (മോൺസിഞ്ഞോർ ജയിക്കബ് കല്ലറയ്ക്കൽ) 271
ഇതല്ലയോ സത്യസഭ? (റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട്.) 191
ഈശോയുടെ പ്രേമാധിക്യം. (റവ. ഫാദർ തോമ്മസ് മുഞ്ഞേലി.) 238
ഒരിക്കലും പഠിക്കാത്ത ഒരു പാഠം. (റവ. ഫാദർ തോമ്മസ് മണ്ണഞ്ചേരി.) 260
ഒരു ധ്യാനഗുരുവിൻെറ നിർദ്ദേശം. (റവ ഫാദർ സൈമൺ സി. ഡി.) 211
ഒരുനേരത്തിൻെറ കടമ. (റവ. ഫാദർ ഹില്ലാരിയോൻ സി. ഡി.) 51
ഒരു വിലതീരാത്തരത്നം. (ശ്രീമാൻ പൊന്നാമററത്തിൽ യൌസേപ്പുമാപ്പിള) 126
കർത്താവിൻെറ പ്രാർത്ഥന. (റവ. ഫാദർ അപ്രേം സി. ഡി.) 10
കത്തോലിക്കസാഹിത്യപ്രചാരമാർഗ്ഗങ്ങൾ (സ. ന.) 135, 172, 221
(ശ്രീമാൻ കെ ഏ. പോൾ)
കത്തോലിക്കസഭയും നവീന ഉപദേശങ്ങളും. 257
(വന്ദ്യദിവ്യശ്രീ കെ. ജെ. അബ്രാഹം കത്തനാർ.)
കർമ്മലമാതാവിൻെറ കപിലോത്തരീയം. (റവ. ഫാദർ ഗ്രിഗോരി സി. ഡി.) 215
കർമ്മലനാഥയുടെകുഞ്ഞുമക്കൾക്ക്. (സ്വന്തം കൊച്ചൻ)
തമ്പുരാൻ എന്തിനു നിന്നെ സൃഷ്ടിച്ചു? 11
മററുള്ള സൃഷ്ടികൾ. 63
തമ്പുരാനോട്ട മറുതലിച്ചാൽ! 84
കാര്യം നിശ്ചയം നേരംനിശ്ചയമില്ല. 137
ഇതു വാസ്തവം തന്നെയോ? 175
എങ്ങിനെ ഞാൻസഹിച്ചുകൊള്ളും? 197
ഇനിയും പാപം ചെയ്യുമോ? 244
കാലംചെയ്ത ഗിബ്ബൺസ് കർദ്ദിനാൾ. (ശ്രീമാൻ സി. അന്തപ്പായി ബി. ഏ.) 144
കാവൽമാലാഖമാർ. (റവ. ഫാദർ മർസലീൻ സി. ഡി.) 219
കുറിപ്പുകളും വർത്തമാനങ്ങളും. 21, 70, 93, 115, 140, 157, 180, 204, 227, 251, 273
ക്രൂനർകുരിശുസത്യം (ന. ദീ) (ശ്രീമാൻ വി. സി. ജോർജ്ജ്) 240
കേരളത്തിലെ യാക്കോബായസഭ. (റവ. ഫാദർ ബർണ്ണാർദ് സി. ഡി.) 4
കൊച്ചുത്രേസ്യായുടെ ആശാനിഗ്രഹം. (വെരി റ. ഫാദർ ജോൺ സി. ഡി.) 81
കൊച്ചുത്രേസ്യായുടെ ഭക്തിതീക്ഷ്ണത ടി. ടി. 242
ക്രിസ്തീയ ഔദാര്യം (റവ. ഫാദർ സക്കറിയാസ് സി. ഡി.) 107
ഗൃഹസഖി (വന്ദ്യദിവ്യശ്രീ പി. കെ. അന്തോനിക്കത്തനാർ) 60

ചോദ്യപ്പെട്ടി.
കത്തോലിക്കാ സഭക്കു പുറമേ രക്ഷയുണ്ടോ? 19
ശുദ്ധ സ്ഥലവും പാദരക്ഷയും 68
കത്തോലിക്കസഭയോ പ്രോട്ടസ്റ്റന്റുസഭയോ വേദപുസ്തകത്തെ അനുസരിക്കാത്തതു്? 91
ചില ചരിത്രവാദങ്ങൾ (ശ്രീമാൻ പി. ജെ. തോമ്മസ് എം. എ ഓണേഴ്സ്) 264
ചില മതാചാരങ്ങൾ (റവ. ഫാദർ ജോസഫ് പറേടം) 75
ഡോക്ടർ നിഷിമൂറാ (സത്യനാദം) 14
ജീവിതമാററങ്ങൾ (ശ്രീമാൻ പൊന്നാമററത്തിൽ യൌസേപ്പുമാപ്പിള) 103
ജപമാല ഭക്തി (റവ. ഫാദർ സൈമൺ സി. ഡി.) 209
തിരുനാൾ സുവിശേഷം 78- 99–123
തിരുഹൃദയ ഭക്തിയുടെ ഉദ്ദേശം. (റവ. ഫാദർ സൈമൺ സി. ഡി.) 121
തുറന്നവേദപുസ്തകം. (റവ. ഫാദർ കോശി മമ്പലം ബി. ഏ. എൽ. ടി.) 56–83
ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ മഷ്യൻകോൺഗ്രസ്സ് ഉപക്രമപ്രസംഗം 26
(വെറി റവ. ഫാദർ അലക്സാണ്ടർ സി. ഡി.)
ദലഗാദപ്പസ്തോ. മ. കോൺഗ്രസ് ഉപസംഹാരപ്രസംഗം 37
(ദിവ്യശ്രീ മററത്തിൽ കഷ്യൻ കത്തനാർ.)
ദിവ്യരക്ഷകൻെറ കഷ്ടാനുഭവസ്മരണ. (റവ. ഫാദർ മാത്യു പുതിയിടം) 65
ദൈവജനനിയും കത്തോലിക്കസഭയും. (റവ. ഫാദർ സൈമൺ സി. ഡി.) 97
ദൈവജനനിയുടെ പുണ്യപരിപൂർണ്ണത. 104, 129, 236
(റവ. ഫാദർ ജോസഫ് തറയിൽ.)
ദൈവജനനിയുടെ തിരുസ്ഥലങ്ങളും സഭകളും. 52 150
(വെറി. റവ. ഫാദർ അലക്സാണ്ടർ സി. ഡി.)
ദൈവമാതാവിൻെറ തിരുസ്വരൂപങ്ങൾ. (റവ. ഫാദർ മർസ്ലീൻ സി. ഡി.) 109
നമ്മുടെ യുവകവികൾ.
മകരം, നവവത്സരപ്രാർത്ഥന. 16 കർക്കടകം, കർമ്മെലനാഥ. 154
കുംഭം, തിരുനാൾ വർണ്ണന. 48 ചിങ്ങം, അഭിനവമെത്രാനു മംഗളം 177
മീ. യൌസേപ്പിൻെറപക്കൽ പോ: 69 കന്നി, പരിശുദ്ധ വ്യാകുലമാതാവു. 200
മേടം, നന്മനിറഞ്ഞ മറിയം. 86 തുലാം, ശ്രീമൂലം അട്ടത്തിരുനാൾ. 225
ഇടവം, മേമാസമാഹാത്മ്യം. 95 വൃശ്ചികം, മരിച്ചവരുടെവിലാപം. 248
മിഥുനം, കാനായിലെ വിരുന്നു. 139 ധനു, പുൽക്കൂട്ടവർണ്ണന. 270
നമ്മുടെ ഗ്രന്ഥാവലി. 156.
നവീകരണമോ? നശീകരണമോ? (ശ്രീമാൻ കെ ഇ. ജോബ് ബി. ഏ) 217.
നാല്പതുമണിയാരാധന. 92.
നിത്യരക്ഷപ്രാപിക്കണമോ? (റവ. ജോസഫ് വാച്ചാപറമ്പിൽ) 170
പരിശുദ്ധ പിതാവിൻെറ മഷ്യൻകോൺഗ്രസ് സന്ദേശം. 27.
(ശ്രീമാൻ കെ. സി. വർക്കി ബി. ഏ.)
പത്രോസിൻെറ ശ്രേഷ്ഠാധികാരം. (ശ്രീമാൻ കെ. ഇ. ജോബ് ബി. ഏ.) 78, 259
പാരമ്പര്യപഠനം (ദിവ്യശ്രീ നടുവത്തുശ്ശേരി യാക്കോബ് ക) 233
പുസ്തകാഭിപ്രായം.
മിശിഹൈക്യസ്വഭാവഗ്രന്ഥവിമർശനം. 20
കേരളീയകത്തോലിക്കാ വിദ്യാർത്ഥി. 20
കർദ്ദിനാൾ ന്യൂമാൻ. 70
പാശ്ചാത്യരും പൌരസ്ത്യരും. 203
മഗ്ദലന മറിയം.
ലിമ്പിയാസിലെ അത്ഭുതതുങ്ങപ്പെട്ട രൂപം. 258
ബോംബേമെത്രാപ്പോ. തിരു. മഷ്യ. കോ. പ്രോൽഘാടനപ്രസംഗം. 40
(ശ്രീമാൻ സി. അന്തപ്പായി ബി. ഏ.)

ഭാഗ്യമായിരിപ്പാനുള്ള വിദ്യ. (പരേതനായ ശ്രീമാൻ കെ. പി. പീററർ) 13, 58
മതപരിവർത്തനോദയം. (ദിവ്യശ്രീ വെള്ളരിങ്ങാട്ടു യാക്കോബു ക.) 100
മതവിശ്വാസം (ദിവ്യശ്രീ നടുവത്തുശേരി യാക്കോബു ക.) 124–151–167–188.
മരിച്ചവരെ മറക്കരുതേ. (റവ. ഫാദർ സൈമൺ സി. ഡി.) 231.
മലങ്കരസഭയും മൈലാപ്പൂരും. (റവ. ഫാദർ ബെണ്ണാർഡ് സി. ഡി.) 183.
മദ്ധ്യമഹാജനസഭാ നടപടികൾ. (പ്രത്യേക റിപ്പോർ.) 25–47.
മാർ തോമ്മാശ്ലീഹായുടെ ദുക്റാന. (റവ. ഫാദർ ഓമേറൂസ് സി. സി.) 148–163.
മിറാംബായി. (ഒരു വാസ്തവകഥ.) (റവ. ഫാദർ മർസ്ലിൻ സി. ഡി.) 246–263.
മെസൊപ്പത്താമ്യായിൽനിന്നു ഒരു സന്ദേശം. (ഒരു കേരളീയ സുറിയാനി
കത്തോലിക്കൻ.) 112.
മംഗളം.– 1, 25, 49, 73, 96, 120, 143, 159, 183, 209, 231, 255.
യാക്കോബായസഭയുടെ ഉത്ഭവം. (റവ. ഫാദർ ബെണ്ണാർഡ് സി. ഡി.) 73
വന്ദനീയ കൊച്ചുത്രേസ്യാ. (റവ. ഫാദർ ഹില്ലാര്യോൻ സി. ഡി.) 235
വാദത്തിനു സമാധാനം. (റവ. ഫാദർ ബെണ്ണാർഡ് സി. ഡി.) 267
വിശുദ്ധ യൌസേപ്പുപിതാവു. (റവ. ഫാദർ ജോസഫ് ഏടണക്കാട്ടു.) 8
വ്യാകുലഭക്തന്മാർക്കുള്ള പ്രത്യേകവരങ്ങൾ. (റ. ഫാദർ ഗ്രിഗോരി സി. ഡി.) 187

തിരുഹൃദയ നിയോഗം.

മകരം. കത്തോ. രാജ്യങ്ങളെ പ്രോട്ട. മതപ്രചാരത്തിൽനിന്നു രക്ഷിക്ക. 20
കുംഭം. വിദ്യാലയങ്ങളിലെ വേദപഠനം. 47
മീനം. കത്തോലിക്ക വേലക്കാരുടെ സംഘങ്ങൾ. 67
മേടം. ക്രിസ്ത്യാനികളുടെ ഇടയിലുള്ള അജ്ഞാനസംപ്രദായങ്ങൾ. 91
ഇടവം. ദുഃഖിതരുടെ ആശ്വാസമായ മറിയം. 115
മിഥുനം. കൊളംബിയർ ഗുരുവിനെ വന്ദ്യനെന്നു നാമകരണം ചെയ്യു. 119
കർക്കടകം. മ്ശിഹായുടെ സാമുദായിക ഭരണം. 155
ചിങ്ങം. സന്യാസ വിളിപ്പ്. 179
കന്നി. വേദപ്രചാര സംഘങ്ങളെ സഹായിക്കുക. 202
തുലാം. ജപ. അപ്പസ്തോലാത്തുസ് സഭയുടെ പ്രചാരം. 226
വൃശ്ചികം. കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണം. 250
ധനു. സ്ത്രീകളുടെ സാമുദായിക നില. 272

പദ്യങ്ങൾ.

കർമ്മലനാഥസ്തവം. (ശ്രീമാൻ പൊൻകുന്നം വി. ജെ. ജോസഫ്) 18
കൊൺഗ്രസ് വിജയം. (ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള) 39
മദ്ധ്യമഹാസഭാമാഹാത്മ്യം. (റവ. ഫാദർ സൈമൺ സി. ഡി.) 46
അനുതാപ സങ്കീർത്തനം. ” 55
സുഭാഷിതങ്ങൾ. (റവ ഫാദർ അമ്മാനുവേൽ സി. ഡി.) 128
സുഭാഷിതഗ്രന്ഥാഭിപ്രായം. (ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.) 132
തൃശ്ശൂർ മെത്രാനു മംഗളം. ” 142
മേരീസ്തവം. (റവ. ജോസഫ് കല്ലിങ്ങൽ. കാണ്ടി.) 166
കൊച്ചുമേരി. (ശ്രീമതി ജോൺ മേരി തോട്ടം) 189
എന്റെ പ്രാർത്ഥന. (ശ്രീമാൻ വി. റി. തോമ്മസ് പാലാ.) 214
തിരുഹൃദയപ്രാർത്ഥനാഷ്ടകം. (ശ്രീമാൻ മുകളേൽ ജോസഫ് വാദ്ധ്യാർ.) 237
ഉണ്ണിമ്ശിഹാസ്തവം (ശ്രീമാൻ സി. എം. സെബസ്റ്റ്യാൻ അതിരമ്പുഴ.) 262

---

Printed and Published for the proprietor by P. K. Joseph, at
St. Joseph's Press, Mannanam. 1921.

# മാന്നാനം അച്ചുക്കൂടത്തിൽ വില്പാനുള്ള പുസ്തകങ്ങളുടെ വിലവിവരപ്പട്ടിക. *

| | രൂ. | പ. | കാ. |
|---|---|---|---|
| നിത്യാരാധന. | 2 | | |
| " മുഖപ്പലകളിൽ പൊൻവരയുംമെറുക്കിട്ടതു്. | 2 | 7 | 2 |
| " ടി.തരം ഇലകളിന്മേൽ പൊൻപണിവരയുംമാർബിളുമിട്ടതു്. | 2 | 14 | 4 |
| " ടി. തരം പൊൻ വെള്ളി കളാൽ പണിചെയ്യപ്പെട്ടതു്. | 2 | 21 | 6 |
| " മുഖവങ്ങളിലിന്മേൽപൊൻ പണിയും വിളുമ്പിനു മാർബിളുമിട്ടതു്. | 3 | 21 | 6 |
| വിളുമ്പിനു പൊന്നും ടി. ഇലകളിന്മേൽ പൊൻപണിയും ഉള്ളതു്. | 5 | 14 | 4 |
| ടി. വിശേഷതരത്തിൽ പൊൻ പണി. | 7 | 14 | 4 |
| ജ്ഞാനനിധി, (തുകൽകെട്ടു്.) | 1 | 21 | 6 |
| പീയൂഷ സംഗ്രഹം, (തുകൽകെട്ടു്.) | 0 | 21 | 6 |
| ടി. പൊൻപണിയുംവിളുമ്പിനു മാർബിളുമിട്ടതു്. | 1 | 3 | 0 |
| ദിനചര്യം (തുകൽകെട്ടു.) | 0 | 12 | 0 |
| ജപമണി ആരാധന. | 0 | 14 | 4 |
| കന്യകാമകുടം. | 0 | 3 | 0 |
| ദിവ്യസ്നേഹജപമാല. | 0 | 2 | 0 |
| ബാലരത്നം. | 0 | 6 | 0 |
| ബാലനിക്ഷേപം (തുകൽഅരകെട്ടു.) | 0 | 14 | 4 |
| വിസീത്ത. | 0 | 12 | 0 |
| തിരു ഉറക്കൊഴിപ്പിൽ. | 0 | 2 | 0 |
| Golden Key. | 1 | 7 | 2 |
| പുതിയ നിയമം | 0 | 16 | 0 |

| | രൂ. | പ. | കാ. |
|---|---|---|---|
| വേദാഗമ ചരിത്രം (പഴയ നിയമം.) | 0 | 16 | 0 |
| വേദോപദേശ സംക്ഷേപം. | 0 | 10 | 0 |
| ക്രിസ്തീയവേദപാഠം " | 0 | 2 | 0 |
| വേദോപദേശ സംഗ്രഹം | 0 | 2 | 0 |
| വൈദികകല്പനം. | 0 | 14 | 0 |
| സത്യവേദ പരീക്ഷ, (തുകൽ അരകെട്ടു) | 1 | 7 | 2 |
| കുടുംബ പ്രതിഷ്ഠ. | 0 | 3 | 9 |
| കത്തോലിക്കാ മതതത്വങ്ങൾ. | 0 | 3 | 0 |
| ചമ്മട്ടിയോത്തരിയങ്ങൾ. | 0 | 5 | 4 |
| സുഭാഷിതങ്ങൾ. | 0 | 5 | 4 |
| അത്ഭുതലീലിപുഷ്പമഞ്ജരി | 0 | 7 | 0 |
| അന്തോനീസ്പുണ്യവാന്റെ അത്ഭുതം. | 0 | 3 | 9 |
| എളിമയുടെ അഭ്യാസം. | 0 | 5 | 0 |
| കർത്താവിന്റെ തിരുഹൃദയവണക്കം. | 0 | 17 | 13 |
| കത്തോലിക്കാ പരിശ്രമം. | 0 | 12 | 0 |
| കുടുംബക്രമം (തുകൽ അരകെട്ടു്.) | 1 | 10 | 0 |
| ചരമപ്രബോധനം. | 0 | 6 | 0 |
| ജപമാല. | 0 | 3 | 0 |
| ദൈവമാതാവിന്റെ വണക്കമാസം. | 1 | 0 | 0 |
| യൌസേപ്പു പിതാവിന്റെ വണക്കമാസം. | 1 | 0 | 0 |
| ടി. രണ്ടും കൂടികൂട്ടിക്കെട്ടിയതു്. | 1 | 21 | 6 |
| ദൈവമാതാവിന്റെ അമലോത്ഭവ പ്രസ്താവന സപ്തതിജൂബിലി സ്മാരകം (ഒന്നാം ഭാഗം.) | 0 | 3 | 0 |
| ടി. രണ്ടാം ഭാഗം | 0 | 4 | 0 |
| ടി. രണ്ടുംകൂടികൂട്ടിക്കെട്ടിയതു്. | 0 | 7 | 0 |

* കടലാസിനു അല്പം വില കുറച്ചതായി ഞങ്ങളുടെ കമ്പനിക്കാർ അറിവു തന്നിരിക്കുന്നതിനാൽ തൽക്കാലം ൧൯൨൫-ലെ ഞങ്ങളുടെ പുസ്തകലിസ്റ്റു കുസുമത്തിലെ പരസ്യം പോലെ തിരുത്തി വായിക്കേണ്ടതാണു്.

---


## "കുസുമ" ഗ്രന്ഥാവലി. എട്ടാംപുസ്തകം

റവ. ഫാദർ സൈമൺ സി. ഡി. എഴുതിയ "ദിവ്യകാരുണ്യകീർത്തനങ്ങൾ" പുറത്തായിക്കഴിഞ്ഞിരിക്കുന്നു. ശ്രീമാൻ വി. സീ. ജോർജ്ജ് അവർകളുടെ വക "സ്വർഗ്ഗവും സമുദായവും" അടുത്തമാസത്തിൽ പ്രസിദ്ധീകരിക്കും.

ഇതേവരെയുള്ള ഓരോ പുസ്തകത്തിനും വില ചക്രം രണ്ടുമാത്രം. പതിനഞ്ചു ചക്രത്തിനു് അഞ്ചൽ സ്റ്റാമ്പോ 9 അണസ്റ്റാമ്പു പോസ്റ്റേജ്സ്റ്റാമ്പോ അയച്ചുതരുന്നവർക്കു ഇതുവരെയുള്ള ഏഴുപുസ്തകങ്ങളും ഉടൻ കൂലിതീർത്തയച്ചുകൊടുക്കുന്നതാണു്.

മാനേജർ, കത്തോലികാകുസുമം, മാന്നാനം.

Registered No. M. 365. No: T. 22.

# കേരളകാഹളം. പ്രത്യദ്വാരിക.

ഈ വൃശ്ചികം 1-ാംനു- മുതൽ പ്രത്യദ്വാരപത്രികയായി ബുധൻ, ശനി ദിവസങ്ങളിൽ പുറപ്പെടുവിപ്പൂ തുടങ്ങിയിരിക്കുന്നു.

പത്രാധിപസംഘം സംതമായ വിധം പുനഃസംഘടിപ്പിച്ചു [illegible]

## വരിസംഖ്യ

| | | | |
|---|---|---|---|
| പ്രത്യദ്വാരപത്രത്തിനു കൊല്ലം 6 രൂ. | | 6 മാസത്തേക്കു 3 രൂ. 4 ണ. | |
| [illegible] | 1 രൂ. 12 ണ. | കടപ്പിക്കാർക്കു 9 രൂ. | |
| [illegible] | 1 രൂ. 8 ണ. | | |

മാനേജർ, കേരളകാഹളം തിരുവല്ലാ.

---

AGAIN OUR FRESH STOCK OF XMAS CARDS & 1922 CALENDARS

# T. LOUIS & Co

CATHOLIC WAREHOUSE, TRICHINOPOLY.

## XMAS & NEW YEAR CARDS.

Folding series loose, Doz, 0-8-0, 1-0-0, 1-4-0, 1-12-0.
Celluloid cards, doz. 1-8-0, 1-12-0, 2-0-0, 2-8-0.
Superior Cards with envelopes each 0-6-0, 0-8-0, 0-12-0, 1-0-0, 1-4-0, 1-8-0.
Silk Embroidery cards for Xmas color each 0-4-0 doz. 2-12-0.
Assorted cards in Packets each 0-6-0, 0-9-0, 1-0-0, 1-8-0, 2-0-0.
Autograph Boxes of assorted cards with envelopes each, 0-12-0, 1-0-0, 1-8-0.
Xmas Greeting Post cards doz. 0-[illegible], 1-[illegible].

## CALENDARS for 1922

Ordinary Board Calendars in different sizes doz. 1-[illegible], 1-12-0, 2, 2-12-0, 3-[illegible]
Embossed flower bordered picture Calendar doz. 2-8-0, 3-8-0, 4-4-0, [illegible], 6-8-0.
12 assorted board calendars in a box Rs. 5-0-0.
Embossed Board German Calendars doz. 3-8-0, 5-0-0 Rs. 6, 7, 8, 9, 10, & 12.
Wall Hanging Calendars ROMEN & JULIET each 1-0-0.
ABIDE WITH ME „ 0-12-0.
Wall Panels of different sizes and scenes as [illegible] Rs. 5, & 4, doz.

## XMAS CRIB STATUES

Jesus Mary Joseph set of [illegible] Rs. 4-0-0, 7" 8-0-0, 12" 16.
Separate Infant Jesus with Cradle [illegible]
Adoring Angels Rs. 3-8-0, 4-[illegible]
Hanging Angels for Crib 8" 2-8-0, 10" 4-8-0 each.
Shepherds 3 sorts 6" [illegible] 10" 8-0-0 each figure.
Animals 3 sorts Rs. 2-0-0 per set.
Complete set of Xmas Crib Statues [illegible]
For ordinary statues, Pictures, Crucifixes, Holy Water Fonts, Sanctuary lamps, Medals, Rosaries, Picture post cards, Albums, German Cheap Xmas toys.
Please write for detailed catalogue with half anna stamp to [illegible]